# പട്ടം

ലിറ്റിൽ കൈറ്റ്സ് 2018 –19

ഗവ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കാരാകുറുശ്ശി



**Head Master : Manikandan K**
**SITC : Abdul Latheef K**
**Kite Mistress : Jumaila KT**
**Kite Master : Praveen.K.C**

**Kite Leader : Ramsheeda**
**Kite Leader : Gokul Krishnan.P K**

**Editorial Team**

**Ramsheeda**
**Shijina**
**Harsha**
**Bhujaira Nasrin**
**Vasiha Vahab**
**Shibina Sherin**
**Muhammed Jaseem.T**
**Gokul Krishnan.P K**
**Abdul Rahiman.P C**
**Muhammed Najil.P K**
**Habeeb Rahman.N**

**Techinical Support**
**Haridasan K**

**Type Setting, Design,Photos by Little Kites Team**

Cover Painting by AJAY GHOSH [4$^{th}$ th Standard]

**G.H.S KARAKURISSI**
**UNIT NO: 21082**

വായന എന്നാൽ ആദ്യം മനസ്സിൽ വരിക പുസ്തകമായിരിക്കും . മാറുന്ന കാലത്ത് വായനയിൽ വരുന്ന മാറ്റങ്ങൾ കൂടി വായിക്കപ്പെടേണ്ടതുണ്ട് . ഡിജിറ്റൽ മാഗസിൻ അതിന് കാരണമാകും എന്ന കരുതുന്നു .ഇതിന്റെ പൂർത്തീകരണത്തിന് സഹായിച്ച എല്ലാം നല്ല മനസ്സുകളെയും സ്നേഹപൂർവ്വം ഓർക്കുന്നു

വായിക്കുമല്ലോ

**ലിറ്റിൽ കൈറ്റ്സ്**
**ജി വി എച്ച് എസ് എസ് കാരാകുറുശ്ശി**


ഞങ്ങളുടെ
കൊച്ചു കൂട്ടുകാരൻ
അശ്വിന്
ആദരാഞ്ജലികൾ



**ആശംസ**

ഗവ.ഹൈസ്കൂൾ കാരാകുർശ്ശിയിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരണത്തിനൊരുങ്ങുന്നു .ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ യുഗത്തിൽ പ്രിൻറ് ചെയ്ത പുസ്തകത്തേക്കാൾ സാധ്യതകൾ ഡിജിറ്റൽ മാഗസിനുകൾക്കാണ് എന്നത് ഏവർക്കും അറിയാവുന്നതാണ്.പരിസ്ഥിതി സൗഹൃദപരമായ പുസ്തകപ്രസാധന മേഖലയിൽ ഡിജിറ്റൽ മാഗസിനുകൾക്കുള്ള പങ്കു പോലെ തന്നെ മുഴുവൻ കുട്ടികളുടേയും സർഗാത്മകമായ പങ്കാളിത്തം ഉറപ്പു വരുത്താനും ഇത് സഹായകമാണ്. ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിൻറെ പ്രഥമ സംരംഭമായ

**പട്ടം** എന്ന ഡിജിറ്റൽ മാഗസിന് ഈ വിദ്യാലയത്തെ സാംസ്കാരിക രംഗത്ത് ഒരുപടി ഉയർത്താൻ ഇടയാക്കും എന്നതിൽ തർക്കമില്ല. ഇതിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിനും അവർക്ക് മാർഗദർശനം നൽകുന്ന കൈറ്റ്സ് മാസ്റ്റർ, മിസ്ട്രസ് എന്നിവർക്ക് അഭിനന്ദനങ്ങൾ

**മണികണ്ഠൻ കെ**
പ്രധാന അധ്യാപകൻ
ജി വി എച്ച് എസ് എസ് കാരാകുറുശ്ശി



**ആശംസ**

കാരാകുറുശി സ്ക്കുളിലെ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ക്ലബ് അവരുടെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നു എന്ന വിവരം സന്തോഷകരമാണ്. ഈ ഉദ്യമത്തിന് എല്ലാ ആശംസകളും അറിയിക്കുന്നു

**കെ.കെ. രാജേന്ദ്രൻ**
പി .ടി .എ പ്രസിഡന്റ്
ജി വി എച്ച് എസ് എസ് കാരാകുറുശ്ശി

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | ഒരു ഗ്രാമത്തിന്റെ അക്ഷര വെളിച്ചം | | 10 |
| 2 | വെല്ലപ്പായസം | ആർച്ച | 17 |
| 3 | സ്ക്കൂൾ കഥകൾ | എം കൃഷ്ണദാസ് | 19 |
| 4 | കവിടെ മരണം | ലിയ മുഹമ്മദ് ഇ.കെ | 21 |
| 5 | Death of a Poet | | 22 |
| 6 | ഉഷ ടീച്ചർ | | 23 |
| 7 | സീന ടീച്ചർ | | 24 |
| 8 | സ്വാതന്ത്ര്യത്തിന്റെ ചിരി | ആർദ്ര അച്ചുതൻ | 25 |
| 9 | കണക്ക് , കഥ, കവിത | അച്ചുതൻ | 26 |
| 10 | പ്രളയത്തിനോട് | അലീഡ കെ.എം | 28 |
| 11 | ഇനിയൊരു രാവുണ്ടോ | അൻഷിദ പി.സി | 29 |
| 12 | പ്രളയം കഴിഞ്ഞ് പോയ് | ഫാത്തിമ ഹുസ്ന പി | 30 |
| 13 | ആ മഹാപ്രളയ മഴ | ലിൻഷ പി സി | 31 |
| 14 | ഒരു നാടിന്റെ രോദനം | ബഹീജ ബസ് നീൻ എം.വി | 32 |
| 15 | SCHOOL. | Mubashira R | 34 |
| 16 | അമ്മ | ചന്ദന സന്തോഷ് | 35 |
| 17 | കരിക്കുലം | കെ.കെ മണികണ്ഠൻ | 36 |
| 18 | സംഗീതം | ഗോപകുമാർ വി | 37 |
| 19 | ഗ്രാമീണ ഗീതം | കെ.എം പ്രേമാനന്ദൻ | 39 |
| 20 | ഞങ്ങടെ ടീച്ചർ | ഹരിത കെ എച്ച് | 40 |
| 21 | തിളക്കങ്ങൾ | | 41 |
| 22 | വരകൾ | | 42 |
| 23 | കുഞ്ഞു മനസിൽ തോരാത്ത കണ്ണീർ | ദൃശ്യ പി | 49 |
| 24 | അമ്മ | ഫാത്തിമ ഹസ്ന സി | 50 |

| | | | |
|---|---|---|---|
| 25 | നിനവ് | പ്രസീദ പി | |
| 26 | പ്രവർത്തന വിവരങ്ങൾ | | |

# ഒരു ഗ്രാമത്തിൻറെ അക്ഷരവെളിച്ചം



GVHSS **കാരാകുറിശ്ശി സ്കൂൾ** പാലക്കാട് ജില്ലയുടെ ഒരു കോണിൽ കല്ലടിക്കോടൻ മലയുടെ പടിഞ്ഞാറുവശത്തായാണ് കാരാകുറിശ്ശി സ്കൂൾ സ്ഥിതി ചെയ്യുന്നത് . **മുക്കട്ട സ്കൂൾ** എന്ന പേരിലാണ് ഇത് പൊതുവെ അറിയപ്പെടുന്നത്. നാട്ടുകാരുടെ ശ്രമത്തിലാണ് 1914–ൽ സ്ഥാപിതമായത്.ഈ വിദ്യാലയം പാലക്കാട് ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

കാരാകുർശ്ശിയുടെ വഴിവിളക്കാണ് കാരാകുർശ്ശി ഗവണ്മെൻറ് വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ. നൂറു വർഷം പിന്നിട്ട ഈ അക്ഷരക്ഷേത്രം എണ്ണമറ്റ കുട്ടികൾക്ക് ജീവിതദിശാബോധം നൽകിയിട്ടുണ്ട്. അറിവിൻറെ അക്ഷയഖനിയായി ഇന്നും തുടരുന്ന ഈ വിദ്യാലയം ലോവർ പ്രൈമറി സ്കൂളിൽനിന്ന് ഹയർ സെക്കൻററി സ്കൂളായി വളർന്ന കഥ ഈ ഗ്രാമത്തിൻറെ വിജയഗാഥതന്നെയാണ്.



## ലോവർ പ്രൈമറി വിഭാഗം

1914 ൽ അരപ്പാറയിലെ മുതുകാട് എന്ന സ്ഥലത്ത് അന്നത്തെ അംശം അധികാരി മാങ്കുറുശ്ശി വയങ്കര പുത്തൻവീട്ടിൽ ഗോപാലപ്പണിക്കർ മുൻകൈയെടുത്ത് ഒരു ലോവർ എലിമെൻററി സ്കൂൾ തുടങ്ങി. ചേലാട്ട് തെയ്യുണ്ണിനായർ മാസ്റ്റർ സ്കൂളിൻറെ പ്രധാനാധ്യാപകനായി. വിരലിലെണ്ണാവുന്ന കുട്ടികൾ മാത്രം വിദ്യാർത്ഥികളായെത്തി. ഒന്നോ രണ്ടോ വർഷത്തിനു ശേഷം സ്കൂൾ അവിടെനിന്ന് കുളപ്പാറലിലെ കുന്നത്തുകളം നമ്പൻകുട്ടി ഗുപ്തൻറെ കളത്തിലേയ്ക്ക് പറിച്ചുനട്ടു. 1919 ഏപ്രിൽ മാസത്തിൽ കരിമ്പ അംശം അധികാരിയായിരുന്ന മുഞ്ഞക്കണ്ണി രാവുണ്ണിയുടെ ശ്രമഫലമായി സ്കൂൾ കാരാകുർശ്ശിയിലേക്ക് വന്നെത്തി. സ്വന്തം സ്ഥലത്ത് സ്കൂളിനുള്ള കെട്ടിടം നിർമ്മിച്ചാണ് രാവുണ്ണി അധികാരി സ്കൂളിനെ ഇവിടേയ്ക്ക് കൊണ്ടുവന്നത്. 1991 ൽ ഈ കെട്ടിടം സർക്കാർ വിലയ്ക്കു വാങ്ങുമ്പോൾ ഓരോ ക്ലാസ്സും രണ്ടും മൂന്നും ഡിവിഷനുകളുള്ള ഒരു ലോവർ പ്രൈമറി വിഭാഗമായിത്തീർന്നിരുന്നു. ലോവർപ്രൈമറി ക്ലാസുകൾ പ്രവർത്തിച്ചിരുന്ന കെട്ടിടം ഹയർ സെക്കൻററി ക്ലാസുകൾക്കു വിട്ടുകൊടുത്ത ശേഷം, ഏഴാം ക്ലാസ്സുകൂടി ഉൾപ്പെട്ട പ്രൈമറി വിഭാഗം ഒറ്റ സെക്ഷനായി പ്രവർത്തിച്ചുവരികയാണ്.   ഒന്നാം ക്ലാസുമുതൽക്കുതന്നെ കമ്പ്യൂട്ടർ പഠനം ആരംഭിച്ചിട്ടുണ്ട്.



**അപ്പർ പ്രൈമറി വിഭാഗം**

അമ്പതുകളുടെ രണ്ടാം പകുതിയായപ്പോഴേയ്ക്കും സ്കൂൾ അപ്ഗ്രേഡ് ചെയ്യാനുള്ള പരിശ്രമങ്ങൾ നാട്ടുകാർ ആരംഭിച്ചിരുന്നു. പ്രധാനാധ്യാപകരായിരുന്ന മങ്ങാട്ട് നാരായണൻ നായർ മാസ്റ്ററുടെയും ടി.വി.രാഘവവാരിയർ മാസ്റ്ററുടെയും നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടന്നത്. 1956 ൽ കാരാകുർശ്ശിയിൽ രൂപീകരിച്ച ജനകീയകലാസമിതികൂടി ഇതിൽ പങ്കാളിയായതോടെ പ്രവർത്തനങ്ങൾക്ക് ആക്കം കൂടി. 1961 ൽ യു.പി.സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തപ്പോൾ, കാരാകുർശ്ശിയിലെ ആദ്യത്തെ ജനകീയസമിതിയുടെ വിജയമായി അത് മാറി. മുറത്താങ്കൽ അഗസ്റ്റിൻ എന്ന വ്യക്തിയിൽനിന്ന് 300 രൂപയ്ക്ക് സ്കൂളിനുവേണ്ടി സ്ഥലം വാങ്ങി. നാട്ടിൽനിന്നു സംഭാവനകൾ സ്വീകരിച്ച് താൽക്കാലിക കെട്ടിടവും ഫർണിച്ചറും ഒരുക്കി. എല്ലാ പ്രവർത്തനങ്ങളും നയിച്ചത് ജനകീയ സമിതിയായിരുന്നു. ഈ കെട്ടിടം നിന്ന സ്ഥലമാണ് പിന്നീട് സ്കൂൾ ഗ്രൗണ്ട് ആക്കി മാറ്റിയത്. സൗകര്യപ്രദമായ കോൺക്രീറ്റ് കെട്ടിടത്തിൽ എൽ.പി.ക്ലാസുകളോടു ചേർന്ന് പ്രവർത്തിക്കുന്ന അപ്പർ പ്രൈമറി




**ഹൈസ്കൂൾ വിഭാഗം**

1966 ഏപ്രിൽ 1 ന് യു.പി.സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. സ്കൂൾ വെൽഫെയർ കമ്മിറ്റിയും ജനകീയ കലാസമിതിയും വീണ്ടും കൈകോർത്തു മുന്നേറിയതോടെയാണ് ഈ വളർച്ചയും സാധ്യമായത്. മൂന്ന് ഏക്കർ സ്ഥലം വാങ്ങുവാനും കെട്ടിടവും ഫർണീച്ചറും നിർമ്മിക്കാനും സംഭാവനക്കൂപ്പണുകൾ അടിച്ച് സംഭാവന പിരിച്ചെടുത്തും, ലേലം വിളിച്ചും കാരാകുർശ്ശിക്കാർ ഒറ്റക്കെട്ടായി ശ്രമിച്ചു. സ്വന്തമായി സ്ഥലവും 5 ക്ലാസ് മുറികളും ഉണ്ടാക്കുന്നതിന് 24000 രൂപയാണ് 1967–70 കാലത്ത് നാട്ടിൽനിന്ന് സ്വരൂപിച്ചത്. സമിതി ഭാരവാഹികൾ മുന്നിൽനിന്ന് നയിച്ചു; ശ്രമങ്ങൾ ഫലം കണ്ടു. കാരാകുർശ്ശി ഗവണ്മെൻറ് ഹൈസ്കൂൾ യാഥാർത്ഥ്യമായി. 1966 ജൂൺ 1 നുതന്നെ എട്ടാം ക്ലാസ് ആരംഭിച്ചു. ശ്രീമതി കുഞ്ഞുക്കുട്ടി ടീച്ചർക്കായിരുന്നു പ്രധാനാധ്യാപികയുടെ അധികച്ചുമതല. പിന്നീട് പാലക്കയംകാരനായ ചാണ്ടി മാസ്റ്റർ ഹെഡ്മാസ്റ്ററായെത്തി. ആദ്യത്തെ സ്ഥിരം പ്രധാനാധ്യാപിക നിർമ്മലാദേവി ടീച്ചറായിരുന്നു. കുട്ടികളുടെ എണ്ണം വർഷംതോറും കൂടിക്കൂടി വന്നു. സ്ഥലപരിമിതി കാരണം 1969 ൽ ക്ലാസുകൾ സെഷണൽ സമ്പ്രദായത്തിലായി. 18 ക്ലാസ് മുറികളുള്ള കെട്ടിടം അനുവദിച്ചു നിർമ്മാണം പൂർത്തിയായതോടെയാണ് ഈ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞത്. . മാനവവിഭവശേഷി വകുപ്പിൻറെ കീഴിൽ 1994 ൽ സ്കൂളിൽ കമ്പ്യൂട്ടർ പഠനം ആരംഭിച്ചു.




**വൊക്കേഷണൽ ഹയർ സെക്കൻററി, ഹയർ സെക്കൻററി വിഭാഗങ്ങൾ**

1994 ൽ വൊക്കേഷണൽ ഹയർ സെക്കൻററി വിഭാഗം ആരംഭിച്ചു., രണ്ടു കോഴ്സുകളാണ് ആദ്യം അനുവദിച്ചത്. ഇപ്പോൾ 5 വൊക്കേഷണൽ കോഴ്സുകളിലായി കുട്ടികളും , അധ്യാപകരും ,ഓഫീസ് ജീവനക്കാരും ഉള്ള ഒരു വിഭാഗമാണ് വൊക്കേഷണൽ ഹയർ സെക്കൻററി. 2004 ലാണ് ഹയർ സെക്കൻറി വിഭാഗം തുടങ്ങുന്നത്. സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് വിഭാഗങ്ങളിലായി കുട്ടികൾ ഈ വിഭാഗത്തിൽ പഠിക്കുന്നു. കാരാകുർശ്ശി സ്കൂളിനുവേണ്ടി മാത്രമുണ്ടായ ജനകീയ ഇടപെടലുകൾ, സ്കൂൾ വികസനത്തിന് കാലാകാലങ്ങളായി സർക്കാർ അനുവദിച്ച സാമ്പത്തികസഹായങ്ങൾ നേടിയെടുക്കുന്നതിനു സഹായകമായി. സ്വന്തമായി നാലര ഏക്കർ സ്ഥലം സമ്പാദിച്ച് 15 ക്ലാസ്മുറികളുള്ള കെട്ടിടം നിർമ്മിച്ചതും സ്ഥലം വാങ്ങി ഗ്രൗണ്ടിൻറെ വിസ്തൃതി കൂട്ടി വിപുലീകരിച്ചതും സ്വന്തമായി സ്കൂൾ ബസ്സ് വാങ്ങിയതും അക്ഷരത്തിനുവേണ്ടി കാരാകുർശ്ശിക്കാർ നൽകിയ സേവനത്തിൻറെ അടയാളങ്ങളാണ്. അത് ഇന്നും തുടരുന്നു എന്നത് കാരാകുർശ്ശിയുടെ മാത്രം സൗഭാഗ്യവുമാണ്.

**വളർച്ചയുടെ പടവുകൾ : 1914–2014**

1914 അരപ്പാറയിലെ മുതുകാട് വി.പി.ഗോപാലപ്പണിക്കർ മുൻകൈയെടുത്ത് ലോവർ എലിമെൻററി സ്‌കൂൾ തുറന്നു. അവിടെനിന്ന് സ്‌കൂൾ കുളപ്പാറലിലെ കുന്നത്ത്കളം നമ്പൻകുട്ടി ഗുപ്തൻറെ കളത്തിൻറെ പുറത്തളത്തിലേക്കു മാറ്റി 1919 ഏപ്രിൽ മാസത്തിൽ കരിമ്പ അംശം അധികാരിയായിരുന്ന മുഞ്ഞക്കണ്ണി രാവുണ്ണി കാരാകുർശ്ശിയിൽ പണിതുനൽകിയ കെട്ടിടത്തിലേയ്ക്ക് സ്‌കൂൾ മാറി. കാരാകുർശ്ശി ബോർഡ് സ്‌കൂൾ എന്ന പേരിലാണ് ഈ



വിദ്യാലയം അറിയപ്പെട്ടിരുന്നത്. പ്രധാനാധ്യാപകനായി സേവനമനുഷ്ഠിച്ചത് യശശ്ശരീരനായ ചേലാട്ട് തെയ്യുണ്ണി നായർ മാഷായിരുന്നു. 1945 കാരാകുർശ്ശിയിൽ റേഷൻകട ആരംഭിച്ചു. 1956 കാരാകുറുശ്ശിയിലെ ആദ്യത്തെ സാംസ്കാരിക കൂട്ടായ്മയായ ജനകീയ കലാസമിതി സ്‌കൂളിൽവച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു. 1961 യു.പി.സ്‌കൂളായി അപ്ഗ്രേഡ് ചെയ്ത് പ്രവർത്തനമാരംഭിച്ചു. 1965 ഹൈസ്‌കൂളായി ഉയർത്താൻ വേണ്ടി സ്‌കൂൾ വെൽഫെയർ കമ്മിറ്റി രൂപീകരിച്ചു. 1966 ജൂൺ 1 കാരാകുർശ്ശി ഗവണ്മെൻറ് ഹൈസ്‌കൂൾ എട്ടാം ക്ലാസ്സ് ആരംഭിച്ചു. 1969 സ്‌കൂളിലെ പെൺകുട്ടികളുടെ ടീം ആദ്യമായി ജില്ലാ വോളീബോൾ ചാമ്പ്യൻഷിപ്പ് നേടി. തുടർന്നുള്ള 2 വർഷവും (70, 71) ഈ സ്ഥാനം നിലനിർത്തി. കായികാധ്യാപകനായ എൻ.വി.ഗോപാലകൃഷ്ണൻ മാസ്റ്ററായിരുന്നു പരിശീലകൻ. 1971 സ്‌കൂളിലെ പൂർവ്വവിദ്യാർത്ഥി വടക്കീട്ടിൽ ഗോപാലകൃഷ്ണപണിക്കരെ രാഷ്ട്രം വീരചക്രം നൽകി ആദരിച്ചു. 1974 എസ്.എസ്.എൽ.സി.പരീക്ഷയ്ക്ക് സ്‌കൂൾ

കേന്ദ്രമായി. 1991 ഹൈസ്കൂൾ വിഭാഗത്തിൻറെ രജതജൂബിലി ആഘോഷം. ജൂബിലി സ്മാരകമന്ദിരം നിർമ്മിച്ചു. 1994 വൊക്കേഷണൽ ഹയർ സെക്കൻററി വിഭാഗം ആരംഭിച്ചു. സ്കൂളിന് എസ്സ.എസ്.എൽ.സി.പരീക്ഷയിൽ റാങ്ക് തിളക്കം: കൃഷ്ണപ്രസാദ് 11–ാം റാങ്ക് നേടി. 1995 ഉപജില്ലാ കലോത്സവത്തിന് ആതിഥ്യം വഹിച്ചു. 1997 സ്കൗട്ട് യൂണിറ്റ് ആരംഭിച്ചു. 2001 ഗൈഡ് യൂണിറ്റ് ആരംഭിച്ചു. 2002 എസ്.എസ്.എൽ.സി. പരീക്ഷയിൽ റാങ്കിൻറെ തിളക്കം വീണ്ടും: പി.എം. ശരത് – 15–ാം റാങ്ക് 2004 ഹയർ സെക്കൻററി വിഭാഗം ആരംഭിച്ചു. വൊക്കേഷണൽ വിഭാഗത്തിൽ എൻ.എസ്.എസ്.യൂണിറ്റ് തുടങ്ങി.

school Wiki



# വെല്ലപ്പായസം

ആർച്ച [10.C]

പെട്ടെന്നാണ് ഓഫീസിലാകപ്പാടെ ഒരു ബഹളം പൊട്ടിപ്പുറപ്പെട്ടത് , കുറേ പേര് കസേരേടെ മോളില്, കുറെ പേര് ലോക്കറിന്റെ ഉള്ളില്,ആകപ്പാടെ അലർച്ച ,നിലവിളി, ബഹളം ,ചില്ലിലൂടെ കണ്ടിട്ട് അയാൾക്കൊന്നും നേരെ മനസ്സിലായതുമില്ല , ക്യാമറയിൽ നോക്കിയപ്പോൾ വെറും കറുപ്പ് അയാളൊന്ന് മൊത്തത്തിൽ പേടിച്ചു
'നി ഷോ വല്ല കള്ളനാണോ ? '

'അബൂബക്കറേ ഇങ്ങോട്ട് വാ ' അയാൾ ഉമ്മറത്തിരിക്കുന്ന ബെല്ലിലൊന്ന് ഞെക്കി
'എന്താ സാറേ '
'എന്താ അവടെ ഒരു ബഹളം'
വല്ല കള്ളന്മാരും കേറ്യോ?'
എസി റൂമിൽ ഇരുന്നിട്ടും അയാൾ എട് പാടം കിളച്ചവനെ കിളവന് പോലെ വിയർത്തു കൊണ്ടിരുന്നു
'ഏയ് അതൊന്നും അല്ല സാറേ ,ഏതോ ഒരു പണ്ടാരത്തി തള്ള ,അതിനെ നാറിയിട്ടും വയ്യ ,ഒരു വൃത്തിയും വെടിപ്പും ഇല്ലാത്ത സാധനം അതിനെ കണ്ടിട്ടാ പെണ്ണുങ്ങളൊക്കപ്പാടെബഹളം വച്ചതാ, വന്ന് വന്നിപ്പോ ബാങ്കിലെ കേറി ആയണ്ണ ഭിക്ഷാടനം ! '
'എവടെ ആ സെക്യൂരിറ്റി അതിനെ പറഞ്ഞ് വിടാൻ പറ, ആരാ ആ സാധനത്തിനെ ബാങ്കിന്റെ ഉള്ളിലേക്ക് കേറ്റിയത് ' അയാളെ ഒന്നും ഇവിടെ കാണാല്യ
'വീട്ടിലത്തെ പോലെ ഇവിടെ ഒന്നൂല്യ എന്ന് പറഞ്ഞുവിടാൻ ഒക്കത്തില്ല ബാങ്കായി പോയില്ലേ?'
'നീ വല്ല അഞ്ഞൂറോ ആയിരമോ കൊടുത്ത് പറഞ്ഞുവിടാൻ നോക്ക്, ഇല്ലെങ്കി അപ്പുറത്തുനിന്നും വല്ലതും കഴിക്കാൻ വാങ്ങി കൊടുക്ക്,
'അതല്ല രസം സാറേ, സാറേ കാണാണ്ട് മൂപ്പത്തി പോവില്യാന്ന്, വല്ല ലോണിന്റെ കാര്യവും സംസാരിക്കാനാകും'
' എന്നാൽ നീ അവർക്ക് ജാമ്യം നിൽക്ക് മനുഷ്യനിവിടെ ഭ്രാന്ത് കയറി നില്ക്കുമ്പോഴാ അവന്റെ തമാശ, അതിനെ എങ്ങനേലും പറഞ്ഞു വിടാൻ നോക്കെടാ '
'ഒരു രക്ഷയും ഇല്ല സാറേ '
'എന്നാൽ അതിനെ ഇങ്ങോട്ട് കേറ്റി വിട് '

ഇരുട്ടിനേക്കാൾ മെലിഞ്ഞ പോയൊരു സ്ത്രീ ,ആകാശത്തോളം വലിപ്പമുള്ള ഒരു ഭാണ്ഡക്കെട്ട് ,കറുത്തു പോകാത്ത തലമുടി ,അയാൾ അവരെ തുറിച്ചുനോക്കി

'എന്താ തള്ളേ എന്തുവേണം '

'എനിക്കൊന്നും വേണ്ട മോനെ '

'പിന്നെ എന്തിനാ ഇക്കണ്ട ബഹളം ഒക്കെ ഉണ്ടാക്കീത് '

' ഇയ്യൊന്നും വേണ്ട മോനേ, ഇക്ക് ഒരു സാധനം തരാണ്ട് '

അതും പറഞ്ഞ് അവരാ പിന്നിക്കീറി യിട്ടും പിന്നെയും പിന്നെയും തുന്നിച്ചേർത്ത ഭാണ്ഡക്കെട്ടിൽ നിന്നും ഒരു കടലാസ് പൊതി പുറത്തെടുത്ത് വെച്ചു.

' ഇന്ന് അന്റെ പെറന്നാളല്ലേ കുട്ടാ, വെല്ലപ്പായസം കിട്ടീലെങ്കി നീ കരഞ്ഞാലോ എന്ന വിചാരിച്ച അമ്മ കൊണ്ടന്നതാ, ഇന്ന് അന്റെ 'വെല്ല പായസം ' ഉടുപ്പിലാക്കാതെ കഴിക്കണം ട്ടോ '
പ്രതിമ ചുണ്ടിൽ ആണി കൊണ്ടപോലെ അവൻ നിന്നു. ഓർമ്മകളുടെ ഭാണ്ഡക്കെട്ട് പിന്നെയും കുട്ടിക്കെട്ടി അവർ നടന്നു . ആ മുഖത്തെ ചുക്കിചുളിവുകളിലത്രയും ഉപ്പ് അടിഞ്ഞു കൂടിയിട്ടുണ്ടെന്ന് അവന് തോന്നി .ആ മുഖത്തിന് ആരുടെയോ മുഖച്ഛായ ,അവന് ഓർമയില്ലാത്ത, അവൻ മറന്നുപോയ ആരുടെയോ മുഖച്ഛായ, ഫോണിന്റെ വൈബ്രേഷനാണ് അവന് സുബോധം കൊടുത്തത് വിളിച്ചിട്ടും വിളിച്ചിട്ടും എടുക്കാത്തതിനാൽ ഭാര്യ മെസ്സേജ് അയച്ചിരിക്കുന്നു ' ഹാപ്പി ബർത്തഡേ ടു യൂ'

അയാൾ അലമാരയുടെ നിഴൽ വീഴാത്ത ഒരു താക്കോൽ ദ്വാരത്തിലേക്ക് മാറി നിന്നു

പൊതി തുറന്ന് ആ വെല്ലപ്പായസം നുണഞ്ഞു ആഹാ! കണ്ണീരു മധുരം അയാളുടെ നാവ് പുളിച്ചു

# സ്ക്കൂൾ കഥകൾ



എം കൃഷ്ണദാസ്,
അധ്യാപകൻ

## ചുവന്ന മഷി

ക്ലാസിലാകെ കോളിളക്കമുണ്ടാക്കിയ സംഭവമായി അത്. മധു മാഷ് അരക്കൊല്ലപ്പരീക്ഷടെ ഉത്തരപ്പേപ്പർ നോക്കി വന്നപ്പോഴാണത് ഉണ്ടായത്. പേപ്പറിന്റെ കെട്ടഴിച്ചയുടൻ സൗമ്യയുടെ പേപ്പറാണ് മാഷ് ആദ്യം എടുത്തുയർത്തിയത്.

" എല്ലാരും ഇതൊന്നു കാണിൻ......"

വട്ടപ്പൂജ്യം മാർക്ക് കാണാൻ താത്പര്യത്തോടെ നോക്കിയ ഉത്തരപ്പേപ്പറിൽ നിറയെ ചുവന്ന മഷിയിലുള്ള എഴുത്തുകൾ. കണക്കു പേപ്പറിൽ മാഷ് ചുവന്നമഷി കൊണ്ട് നിറയെ കുത്തിവരകളും ക്രിയകളും ചെയ്തു തരുന്ന പതിവുണ്ട്. പക്ഷെ, പെപ്പറിലെ എഴുത്തു മുഴുവൻ ചുവന്ന മഷിയിലാണ്.

" എല്ലാരും കണ്ടില്ലെ...."

" ഇതേന്താ സാർ, എല്ലാം ചുവന്ന മഷിയിലാണല്ലോ....?! ക്ലാസ് ലീഡർ ഖാദർ സംശയിച്ചു.

"അതന്നേ എന്റെ സംശയം....."

"അപ്പൊ അത് സാറെഴുതിയതല്ലെ ...? "ക്ലാസ് ഒന്നാകെ ചോദിച്ചു.

''ഞാനാണൊ പരീക്ഷ എഴുതിയത്....?"മാഷ് ടെ സ്വരം കടുത്തു.

"പിന്നെങ്ങിനെയാ പേപ്പറിൽ മുഴുവൻ ചോന്ന മഷി വന്നത്....?" രേണുക സംശയിച്ചു

"നിങ്ങൾ സൗമ്യയോടു ചോദിക്കൂ..... "

എല്ലാരുടെ കണ്ണുകളും സൗമ്യടെ നേരെ അസ്ത്രങ്ങളായി പാഞ്ഞുചെന്നു.

" അതിന് മാഷ്ക്കത് നീല മഷിപ്പേനകൊണ്ടങ്ങ്ട് നോക്ക്യാ പോരെ......" സങ്കീർണ്ണമായ ആ ഗണിതം സൗമ്യ നിസ്സാരമായി ചെയ്തു തീർത്തു.

......

# വിദ്യാധരൻ

മാഷന്മാരിൽ നിന്നുള്ള അഭയകേന്ദ്രമായാണ് ലാസ്റ്റ് ബെഞ്ചിനെ ഞങ്ങൾ വികസിപ്പിച്ചെടുത്തത്. അവിടുത്തെ ആൾത്തിരക്ക് ഒഴിവാക്കലായി അധ്യാപകരുടെ അടുത്ത പണി. രാവിലെ ക്ലാസിലെത്തിയാൽ അവിടെ ചേക്കേറാൻ ഞങ്ങൾ തിരക്കുകൂട്ടും. അതില്ലാതാക്കാൻ മാഷന്മാർ എത്ര ശ്രമിച്ചിട്ടും നടന്നില്ല. പക്ഷെ, ഒറ്റ ദിവസം കൊണ്ടാണ്, വിദ്യാധരൻ ആ ബെഞ്ചിലെ തിരക്കൊഴിവാക്കിയത്. അധ്യാപകരെല്ലാം അവന്റെ മിടുക്കിനെ വാഴ്ത്തി. പതിയെ അവന്റെ കാതിൽ ചോദിച്ചു:


"ഇതെങ്ങിനെ ഒപ്പിച്ചെടാ....."

"അതൊക്കെ നിസാരമല്ലേ സാറെ....."

"ന്നാലും പറയട ചെറുക്കാ.... "

"എനിക്ക് ചിക്കൻപോക്സാ പറഞ്ഞു, അത്ര തന്നെ... "

അതോടെ വിദ്യ അഭ്യസിക്കാൻ വന്ന മാഷ്, നല്ല കുട്ടിയായി മേശക്കടുത്ത് ചെന്ന് പഠിപ്പിക്കൽ തുടർന്നു.




P.S.BANARJI



# കവീടെ മരണം

ലിയ മുഹമ്മദ് ഇ.കെ.10 D

കവി പലതവണ മരിക്ക്ണ് ണ്ട്...

അവന്റെ
കുത്തിയൊഴുകുന്ന വരികൾക്കിടയിലെ
ഒഴുക്കിൽപ്പെട്ട് ,

അതിനുള്ളിലെ
കത്തിജ്വലിക്കുന്ന വാക്കുകളുടെ
കനലിൽപ്പെട്ട് ,

അവന്റെ
ആരോടും തുറക്കാനാകാതെ ,
നീറിപ്പുകയുന്ന ഹൃദയത്തിനുള്ളിലെ
പ്രളയത്തിൽ പെട്ട് ,

പേനക്കുള്ളിൽ നിന്നും
വാക്കുകളായി ചേർന്ന് ,
വരികളായി കൂടി നിന്ന് ,
നക്ഷത്രമാവാൻവേണ്ടി പിടയുന്ന
അക്ഷരങ്ങളുടെ വെപ്രാളത്തിൽപ്പെട്ട് ,

എഴുതാൻവേണ്ടി ഉയർത്തിയിട്ടും
പേന പൊക്കാൻ കഴിയാതിരുന്ന
കൈകളുടെ വിറച്ചിലിൽ പെട്ട്,

മനസ്സിന്റെ നിസ്സഹായതയിൽപ്പെട്ട്,
കാഴ്ചപ്പാടുകളുടെ
ചില ഉറച്ച നിലപാടുകളിൽ
അടർന്നുപോയ ബന്ധങ്ങളുടെ
നഷ്ടത്തിൽ ഉരുകിയുരുകി....
അങ്ങനെ അങ്ങനെ
ഒരു കവി പല തവണ മരിക്ക്ണ് ണ്ട്...

# Death of a poet.

(ലിയയുടെ "കവീടെ മരണം" എന്ന കവിത VR അച്ചുതൻ മാഷ് (പരുതൂർ ഹൈസ്കൂളിൽ നിന്ന് റിട്ടയർ ചെയ്ത മാഷ്) ഇംഗ്ളീഷിലേക്ക് മൊഴിമാറ്റം ചെയ്തത്.)

Poet dies many times :

In the sequencing
Torrent of gush
Of his verses

In the ember of words
In them

In the flood
Of smouldering heart
That cannot be opened to anyone

In the struggles to be a star,
When the letters,
Seeped in harmony from his pen
And mingled with in the verses.

Although tried to write,
Disabled to lift pen,
Being caught in the shivering of hands

In the regrets
Due to the broken ties
For the firm perspectives

Thus a poet dies many times
(Thus a poet dies and dies)
………………..

# ഉഷ ടീച്ചർ



കാരാകുറുശ്ശി ഡെപ്യൂട്ടി ഹെഡ്മിസ്ട്രസായ ഉഷ ടീച്ചർ ഈ അധ്യായന വർഷാവസാനം ഔദ്യോഗിക  ജീവിതത്തിൽനിന്ന് വിരമിക്കുകയാണ്. കോഴിക്കോട് ചേലേരി സ്കൂളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി ,ചേലേരി model ഹൈസ്കൂൾ നിന്നും പഠനം പൂർത്തിയാക്കി. ബിരുദ പഠനം സുൽത്താൻബത്തേരി സെൻറ് മേരീസ് കോളേജിൽ ആയിരുന്നു .വിഷയം രസതന്ത്രം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ബി എഡ് പൂർത്തിയാക്കിയതിനുശേഷം 1988 ലാണ് എംപ്ലോയ്മെൻറ് നിയമനം ലഭിക്കുന്നത്. ജി എച്ച് എസ് എസ് സുൽത്താൻബത്തേരിയിൽ ആയിരുന്നു ആയിരുന്നു ആദ്യ നിയമനം .P.S.C നിയമനം ലഭിക്കുന്നത് 1990 .മണ്ണാർക്കാട് തെങ്കര യുപി സ്കൂളിലാണ് പിഎസ്സി നിയമനം തുടർന്ന് 2001 വരെ സ്കൂളിൽ ജോലി ചെയ്തു ഹൈസ്കൂളിലെ പ്രമോഷൻ ലഭിച്ചതിനുശേഷം 2001 ഡിസംബറിൽ കാരാകുർശ്ശി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു .ടീച്ചറുടെ ഭർത്താവ് വിജയൻ പ്രധാനാധ്യാപകനായി ജോലിയിൽനിന്ന് വിരമിച്ചു. മക്കൾ അനിരുദ്ധ്, അനഘ രണ്ടുപേരും ഡോക്ടർമാരാണ്

# സീന ടീച്ചർ



സീന കമലൻ – ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ കാരാകുർശി ഹയർ സെക്കൻഡറി വിഭാഗം മലയാളം അദ്ധ്യാപിക. ഈവർഷം ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിക്കുകയാണ് .മണ്ണാർക്കാട് കുമരമ്പത്തൂർ സ്വദേശിയാണ് . എസ്എസ്എൽസി പൂർത്തിയാക്കിയത് കെ ടി എം സ്കൂൾ മണ്ണാർക്കാട് .തുടർന്ന് പ്രീഡിഗ്രി ,ഡിഗ്രി തിരുവനന്തപുരം ഗവൺമെൻറ് കോളേജ് .മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തരബിരുദവും, ബി എഡ് പൂർത്തിയാക്കിയതിനുശേഷം 1994 കാരാകുർശി സ്കൂളിൽ അദ്ധ്യാപികയായി സേവനമാരംഭിച്ചു. പിന്നീട് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ പൊറ്റശ്ശേരിയിലും കുമരനല്ലൂർ ഹയർസെക്കൻഡറി സ്കൂളിലും ജോലി ചെയ്തു .2013 വീണ്ടും കാരാകുർശി തിരിച്ചെത്തി ഭർത്താവ് അഡ്വക്കേറ്റ് ശങ്കരൻ , മക്കൾ എൻജിനീയറിങ് വിദ്യാർത്ഥി അനഘ, നിയമവിദ്യാർത്ഥി അമല



# സ്വാതന്ത്ര്യത്തിന്റെ ചിരി

**ആർദ്ര അച്യുതൻ (ആറാം ക്ലാസ് )**

സ്വാതന്ത്ര്യത്തിനു വേണ്ടി
പിടഞ്ഞ ഞങ്ങളെ

സ്വതന്ത്രരാക്കിയ
നൂൽച്ചരടുകളെ

നിങ്ങൾക്കു വേണ്ടി
ഞങ്ങൾ കവിതയെഴുതും

സ്വാതന്ത്ര്യത്തിന്റെ
മധുരമുള്ള കവിതകൾ

ഞങ്ങളെ കൂട്ടിലാക്കിയ
കറുപ്പിന്റെ കൈകളെ
ഞങ്ങൾ വെറുക്കുന്നു.

ഞങ്ങളുടെ സമരം
ഇനിയും അവസാനിക്കുന്നില്ല.

[മണ്ണാർക്കാട് സബ് ജില്ലാ
വിദ്യാരംഗം സാഹിത്യോത്സവത്തിലെ
ഒരു മികച്ച രചന]

# കണക്ക് ,കഥ ,കവിത



**അച്ചുതൻ**
അധ്യാപകൻ

ഗണിതം ശ്വാസം പോലെ സ്വാഭാവികമായി എല്ലാവരിലും ഉണ്ട്,രണ്ടാമതൊന്നാലോചിക്കാതെ മൂന്നുവട്ടം തള്ളിപ്പറയുമ്പോൾ പോലും. ഇത്ര സ്വാഭാവികമായി മനുഷ്യൻ കൈവരിക്കുന്ന വേറൊന്ന് അവന്റെ മാതൃഭാഷ മാത്രം. അതിൽ അത്ഭുതപ്പെടാനുണ്ടെന്നു തോന്നുന്നുമില്ല്ല, മാതൃഭാഷയോളം തന്നെ ഭാഷയാണ് ഗണിതവും. ഇവ എങ്ങനെ പരസ്പര പൂരകമായിപോകുന്നു എന്ന് ചിന്തിക്കുമ്പോൾ സാഹിത്യം ഗണിതപഠനത്തെ എങ്ങനെ അനായാസമാക്കുന്നു എന്ന കാഴ്ച തെളിയും.

യുക്തിചിന്തയുടെ അടിസ്ഥാന ശിലകൾ എന്നുവിളിക്കാവുന്ന നിരീക്ഷണശീലവും അപഗ്രഥനപാടവവും നിഗമനരൂപീകരണശേഷിയും ഒരാളിൽ വേരാഴ്ത്താൻ ഗണിത തത്വങ്ങളേക്കാൾ അനായാസമായി സാഹിത്യ-കലാ പഠനം സഹായിക്കും എന്നതാണ് Community Math Lab ൽ അവ കൂടി പരിഗണിക്കണമെന്ന വാദത്തിന്റെ കാതൽ. ഒരു കഥ അല്ലെങ്കിൽ കവിത,അല്ലെങ്കിൽ സിനിമ ആവശ്യപ്പെടുന്ന നിരീക്ഷണ-അപഗ്രഥന ശേഷി താരതമ്യേന ലളിതമാകുമെന്നതിനാൽ ആ ശീലത്തിലേക്ക് കുട്ടികൾ എളുപ്പത്തിൽ കൈപിടിച്ച് കയറ്റപ്പെടും. ശീലിച്ചകാര്യം വിഷയഭേദമെന്യേ തുടരാൻ കുട്ടികൾക്കാവുമെന്നതിനാൽ യുക്തിസഹമായി ഗണിതതത്വങ്ങൾ സ്വാംശീകരിക്കുന്നതിന് അവർ ശേഷി കൈവരിക്കുന്നു. ഇതല്പമൊന്നു വിശദീകരിക്കാം.

ഭൂമിക്കടിയിൽ വേരുകൾ കൊണ്ട്
കെട്ടിപ്പിടിക്കുന്നു
ഇലകൾ തമ്മിൽ തൊടുമെന്ന് പേടിച്ച്
അകറ്റി നാം  നട്ട മരങ്ങൾ"

എന്ന ശ്രീ .വീരാൻ കുട്ടിയുടെ കവിത വായിക്കുന്ന/കേൾക്കുന്ന ഒരു കുട്ടി തമ്മിൽ തൊടുന്നത് ഇലകളല്ലെന്നും അകറ്റി നട്ടത് മരങ്ങളെയല്ലെന്നും എളുപ്പത്തിൽ തിരിച്ചറിയില്ലേ? "നാം" എന്നത് നമ്മളെല്ലാം ചേരുന്ന വ്യവസ്ഥിതിതന്നെയാണെന്ന് ആരും വിശദീകരിക്കാതെതന്നെ ബോധ്യപ്പെടില്ലേ? ഒരു വരയുടെ ചരിവ്  3/4 എന്നു കേൾക്കുന്ന കുട്ടിക്ക് "slope = 3/4 എന്ന ഒരു വരിക്കപ്പുറം, മുന്നോട്ട് പോകുംതോറും ഓരോ നാല് യൂണിറ്റിനും മൂന്ന്  യൂണിറ്റ് വീതം ഉയരം കൂടുന്ന ഒരു പാത  സങ്കൽപ്പിക്കാൻ കഴിയുന്നില്ല. ഗണിതത്തിന്റെ അമൂർത്തതയല്ല പ്രശ്നം,മറിച്ച് അമൂർത്തതയെ ആവിഷ്കരിക്കുന്ന ഭാഷയാണ്.ഗണിതത്തിന് മാത്രമായി അവകാശപ്പെടാവുന്ന അമൂർത്തതയില്ല. അമൂർത്തത ആവിഷ്കാരത്തിൽ മാത്രമാണ്. നിങ്ങളുടെ കല്പനാലോകത്ത് എന്റെ ആശയങ്ങൾക്ക് എന്തു സ്ഥാനമുണ്ടെന്നതും വിഷയമാണ്. അവിടെയാണ് ഗണിതത്തേക്കാൾ വേഗത്തിൽ ഒരു ഷെർലക്ഹോംസ് കഥ കുട്ടിയുടെ യുക്തിചിന്തയെ ഉദ്ദീപിപ്പിക്കുന്നത്. കുറ്റകൃത്യത്തിന്റെ സങ്കീർണ്ണതയെയും അന്വേഷണത്തിന്റെ വിശദാംശങ്ങൾ സൃഷ്ടിക്കുന്ന നൂലാമാലകളെയും ആവിഷ്കാരത്തിലെ അമൂർത്തതയെയും അതിജീവിച്ച് കുട്ടിയിലേക്ക് കഥയെത്തുന്നത്  "കഥ"

എന്ന മാധ്യമത്തിന്റെ കരുത്തുകൊണ്ടാണ്. ഒരു കുറ്റകൃത്യം നടക്കുന്നു,ലഭ്യമായ വിവരങ്ങൾ ശേഖരിച്ച് അവയിൽ നിന്ന് അന്വേഷകൻ ആരംഭിക്കുന്നു. ഒന്നിൽ നിന്ന് പുതിയ ഒന്നിലേക്ക് എന്ന രീതിയിൽ ക്രമാനുഗതമായ വളർച്ച. യുക്തിസഹമായ വിശകലനങ്ങൾ, അവസാനം ഒരു തീരുമാനമെടുക്കൽ. കുറ്റവാളി പിടിക്കപ്പെടുന്നു. ഗണിതത്തിലെ ഒരു പ്രശ്ന പരിഹാരത്തിൽ സ്വീകരിക്കപ്പെടുന്ന രീതിയും ഇതുതന്നെയല്ലെ? ഒരു കുട്ടി, കാര്യ കാരണ വിശകലനത്തിന്റെ രീതികൾ ഇതുപോലെ ഒരു കഥയിൽ കൂടി പഠിച്ചുകൂടാ എന്നുണ്ടോ? കുട്ടിയുടെ അനുഭവ മണ്ഡലത്തോട് ചേർന്ന്നില്ക്കാനായി കൃത്രിമമായി ചമച്ച ഒരു വരണ്ട ഗണിതപ്രശ്നം കുട്ടിയ്ക് മടുപ്പല്ലാതെ മറ്റെന്തുണ്ടാക്കാൻ!.

ഇത്രയും പറയുമ്പോൾ ഒരു കാര്യം കൂടി ഊന്നിപ്പറയാനാഗ്രഹിക്കുന്നു .കണക്ക് മുഴുവൻ കഥകളിലൂടെ പഠിപ്പിക്കണം എന്നല്ല പറഞ്ഞതിലെ കാര്യം. കണക്ക് പഠിപ്പിക്കാൻ കഥകൾ ഉണ്ടാക്കി പറയണ്ട കാര്യമേയില്ല. കഥയും സാഹിത്യവും അതിന്റെവഴിക്കും കണക്ക് അതിന്റെ വഴിക്കും തന്നെ പോട്ടെ. സമാന്തരമായി സഞ്ചരിക്കുമ്പോൾ പോലും ഏറ്റവും സാർത്ഥകമായ കലരൽ ഇവക്ക് സാധ്യമാകും. ഇത് തിരിച്ചറിയാതെയുള്ള കലർത്തലാണ് അരോചകം.
ഭാഷ ആശയവിനിമയത്തിനുള്ളതാണ്,എന്നാൽ
കൃത്യമായി ഒരു കടവിൽത്തന്നെ അടുക്കുന്ന നൌകയാണ് ഒരു ഗണിത പ്രഹേളികയെങ്കിൽ

ഓരോരുത്തർക്കും എന്റെ കടവിലാണീ നൌക എന്നു തോന്നിപ്പിക്കുന്ന ഒരു പ്രഹേളികയാണ് കവിത. വ്യക്തിനിഷ്ഠമായ വ്യാഖ്യാനങ്ങളുടെ സ്വാതന്ത്ര്യം കൂടി കുട്ടികൾ ആസ്വദിക്കട്ടെ. വേറിട്ട നിലപാടുകളുടെ സ്വീകാര്യത അനുഭവിക്കാവുന്ന തുറസ്സായി ക്ലാസ്സ്മുറികൾ മാറട്ടെ. ഏറ്റവും ജീവിതഗന്ധിയായ കവിതയാണ് ഗണിതം. ഏറ്റവും ജീവിതഗന്ധിയായ ഗണിതമാണ് കവിത. കലരേണ്ടത് കലർന്നൊഴുകുക തന്നെ വേണം.

# പ്രളയത്തിനോട്.........



അലിഡ.കെ.എം



വര അലീന കെ.എം


അക്ഷര മുത്തുകൾ കോർത്തു വച്ച
പുസ്തക പൂമരം പുഴക്കിയെറിഞ്ഞതെന്തിനു നീ?
ചങ്ങാതി കൂട്ടിലെ കുഞ്ഞുകിളികളെ
ഒന്നുമറിയാതെ ഒഴുക്കികളഞ്ഞതെന്തിനു നീ?
ആശിച്ചൊരുക്കിയ കൊച്ചുവീടും
പണിപ്പെട്ടുയർത്തിയ സ്വപ്നങ്ങളും
കടലോളമാഴത്തിൽ മുക്കിയതെന്തിനു നീ?
പൊന്നുവിളയിച്ച പാടങ്ങളും
പുൽമേട്ടിൽ മേയുന്ന കാലികളും
കണ്ണീരിൽ തോണിയിലേറ്റിയതെന്തിനു നീ?
പ്രളയമേ നിന്നോട് ചോദിക്കാൻ ഏറെയുണ്ട്
ചോദ്യങ്ങൾക്കൊന്നും അവസാനമില്ല.

# ഇനിയൊരു രാവുണ്ടോ?....



അൻഷിദ പി.സി , 6B

ഒരു  രാവു പുലരുബോൾ കേരളവുംപുഴയായി
ചിതറുന്നുപ്രളയത്തിൽ പലമോഹങ്ങൾ
ജന്മം തന്നവർ ജന്മം കൊടുത്തവർ
എവിടെയാണന്നറിയാതെപൊയി......
കൊത്തിയൊഴുകുന്ന മലവെള്ളപ്പാച്ചിലിൽ
ആണ്ടുപോയ് പല പല ജീവിതങ്ങൾ
പ്രാണനുവേണ്ടിപ്പിടയുന്ന വേളയിൽ
രക്ഷകരായ് വന്നു ധീരപുത്രർ
ഇനിയൊരു രാവുഉറങ്ങുവാനാകുമോ?.....
അറിയില്ല മർത്യനീ കേരളത്തിൽ



## പ്രളയം കഴിഞ്ഞുപോയ്....



ഫാത്തിമ ഹസ്ന .പി
6.ബി

പ്രളയം കഴിഞ്ഞുപോയ് ഹാ
ഇനിയെന്ത്ു വേണം
പുതുവീടുകൾ കെട്ടിപ്പണിയേണം
തൈകൾ നട്ടുപ്പിടിപ്പികേണം
പുഴകളും തോടുകളും നശിച്ചുപോയ്
ഒട്ടേറെ മനുഷ്യർ മണ്ണിലടിഞ്ഞു പോയ്
പ്രളയം കണ്ട മനുഷ്യർ[ബഹീജ ബഷ്ലീൻ .എം.വി]
കൈകളുയർത്തിപ്പാടി
തോൽക്കില്ലാ ഈ കേരളമക്കൾ
തളരില്ലാ ഈ കേരളമക്കൾ
പ്രളയം കണ്ട് കേരളതൈകൾ തിരിച്ചുപോയല്ലോ
പ്രളയം വന്ന് ഉരുൾപ്പൊട്ടൽ ചിതറിപ്പോയല്ലോ
എന്നാലെന്താണെന്നാലെന്താ
തോൽക്കില്ലല്ലോ കേരളമക്കൾ
തളരില്ലല്ലോ കേരളമക്കൾ
പ്രളയം കഴിഞ്ഞുപോയ് ഹാ
ഇനിയെന്ത്ു വേണം



# ആ മഹാ പ്രളയ മഴ

Linsha p.c

ഇപ്പോൾ എനിക്ക് മഴയെ കുറിച്ച് ആലോചിക്കുമ്പോൾ ആ മഹാ പ്രളയത്തെയാണ് എനിക്ക് ഓർമവരുന്നത് ഒരു പാട് ആളുകളുടെ സ്വപ്നങ്ങളും ലക്ഷ്യങ്ങളും കണ്ണീരുകളും ആ പ്രളത്തിൽ അലിഞ്ഞുചേർന്നു ഇതുപേലെ വിണ്ടും ഒരു പ്രളയം മുന്നോട്ടു വന്നാൽ എന്തായിരിക്കും ഈ കേരളത്തിന്റെ സ്ഥിതി എന്ന് നിങ്ങൾ ആലോചിക്കുന്നുണ്ടോ എന്തിന് എനിക്ക്തന്നെ ഇത് ഓർക്കാൻ കഴിയുന്നില്ല പക്ഷേ കേരളത്തിനെ ഇപ്പോൾ എല്ലാവരുംകൂടി നമ്മുടെ കേരളത്തെ ഒത്തുചെർന്ന് പുതുക്കി പടത്തുയർത്തി പക്ഷേ ജനങ്ങളുടെ ആപ്രളയത്തിലുണ്ടായ പ്രയാസ ങ്ങൾ തീർന്നിട്ടില്ല കുറെപേരുടെ ആകാശത്ത് മുട്ടിനിൽക്കുന്നതു പോലയുള്ള വീടുകൾ കെട്ടിട ങ്ങൾ ഓരോരുത്തരുടെ ജീവനുകൾ ആമഹാ പ്രളയത്തിൽ തകർന്നുപോയി പക്ഷേ ഒരു പ്രളയമഴവന്നപ്പോഴേക്കും പാവപ്പെട്ടവരെന്നോ പണക്കാരെന്നോ ജാതിമത വത്യാസങ്ങളില്ലാതെ കുറച്ചുനാളുകളിൽ സ്കൂളുകളിലോ ക്യാമ്പിലോ ഒത്തൊരുമിച്ചുകഴിഞ്ഞു എന്നാൽ പ്രളയത്തിലകപ്പെട്ട ആളുകളുടെ കഷ്ട്പ്പാടുകൾ ആലോചിക്കുമ്പോൾ നമ്മളെക്കെത്ര ഭാഗ്യമാർ എന്നുംരാവിലെ ആകുറച്ചുനാളുകളിൽ പത്രത്തിലും ടീവിയിലുംഒക്കെ ബഹളങ്ങളായിരുന്നു ആളുകൾക്ക് അങ്ങോട്ടും ഇങ്ങോട്ടും പറയാനുണ്ടെങ്കിൽ അത് പ്രളയംതന്നെ ഒരു ഭൂമികുലുക്കം വന്നാൽ എങ്ങനഉണ്ടാകും അതുപോലെയായിരുന്നു എന്റെ് മനസ്സിൽ പ്രളയത്തെ കുറിച്ച് ഓരോരാവും കഴിഞ്ഞുപോകുന്തോറും എന്റെ മനസ്സിൽ വേവലാതിയായിരുന്നു അതോടപ്പംതന്നെ ഓരോ ദിവസവും കൂടുംതോറും മഴയുംകീടുകയായിരുന്നു പക്ഷേ ദൈവവിധി അനുസരിച്ച് പ്രളയത്തെ തോൽപ്പിക്കാൻ കഴിഞ്ഞു മഴകൂടുന്നതിന്അനുസരിച്ച് എന്റെ മനസ്സിൽ പ്രളയത്തെ തോൽപ്പിക്കാൻ കഴിയില്ലെന്ന ചിന്ത ഉള്ളിലേക്ക് ആണ്ടുപോയ് പക്ഷേ എന്നാലും ഈപെരുമഴവന്നിട്ടും കേരളത്തേ തോൽപ്പിക്കാൻ കഴിഞ്ഞിട്ടില്ല ഇനി ഇതിനേക്കാൾ വന്നാലും എന്റെ കേരളത്തെ തോൽപ്പിക്കാൻ കഴിയില്ല എന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്



# ഒരു നാടിന്റെ രോദനം

ബഹീജ ബഷ്റീൻ .എം.വി

ഹേ മനുഷ്യാ
ഈ വിധം നീയെന്നെ കൊല്ലുന്നതെന്തിന്
നിന്നെ പോറ്റുന്ന
എൻ മാറിൻ തന്നെ നീ
കമ്പിയടിച്ചു തറച്ചില്ലേ

ചിറകടിച്ചുയരുന്ന പക്ഷികൾ തൻ ഭവനവും
ഓരം ചാരി മാത്രം നീങ്ങുന്ന ജീവികൾ
തൻ മാളങ്ങളും
നശിപ്പിച്ചു നീ

എൻ പച്ചപ്പുതപ്പുകളും
വെട്ടിത്തളിച്ചു കരിയിച്ചു കളഞ്ഞു നീ

കലപില കൂട്ടുന്ന കിളികൾ തൻ നാദവും
എങ്ങും പരക്കുന്ന പുഷ്പ സുഗന്ധവും
എന്നിൽ ആനന്ദം നൽകിയ കാലമിതെങ്ങോ
വർണ്ണം വിതറും മലർവാടിയിൽ
പാറിക്കളിക്കുന്ന ശലഭങ്ങളും
തലോടിത്തഴുകുന്ന മന്ദമാരുതനും
ചെങ്കതിരോൻ തൻ കിരണത്താൽ
തിളങ്ങുന്ന പുലരിയും
ഇതെങ്ങോ മാത്രം...എവിടെയോ മാത്രം

കളകളം പാടുന്ന നദികൾ തൻ
മധുര സ്വരം കേൾക്കാതെ
തടഞ്ഞു നിർത്തി നീ
അവ തൻ ഒഴുക്കിനെ

*ഇളം തെന്നൽ സമ്മാനിച്ച*
*നെൽപ്പാടങ്ങളെ കേൾക്കാതെ*
*മാലിന്യപ്പാടങ്ങളാക്കി നീ*
*അവയെല്ലാം*

*ഒട്ടുക്കം നഗരങ്ങളാക്കി മാറ്റി നീ*
*എന്നെയൊക്കെ നാട്ടിൻ പുറങ്ങളെങ്ങോ മാത്രം*
*കുഞ്ഞു ഹൃദയങ്ങൾ തൻ കൊഞ്ചലും*
*ഇതെങ്ങോ മാത്രം*

എന്തിന് മനുഷ്യാ
ഈ വിധം നീ എന്നെ കരയിപ്പിക്കുന്നതെന്തിന്
ഈ വിധം നീ എന്നെ കരയിപ്പിക്കുന്നതെന്തിന്.



# SCHOOL

Mubashira. R ,9C

A school is a place where people go to learn about topics such as readingwriting and mathematics. In a school or university one or more teacherswill help a student to learn more knowledge

In many places around the world,all children have to go to school in a certain years. Learning may take place in the class room,in outside environments or on visits to other places. Collage and universities are place to learn for students over 17 or 18.Vocational school teach skills people needs for job

Some peoples where attend school longer than others. This is because some jobs require others. This some jobs require more training than others. For young children,one teacher is able to teach all subjects. Teachers for older students are often specialized and they only teach a few subjects. Common subjects taught include science,Art, such as music,humanities,like geography and history , and languages.

Children with mental issues which are difficult to handle or notto required to go to regular schools. These children are giving other ways to get schooling. These are special schools which teach things which regular schools do not

## അമ്മ



ജന്മം തന്നത് അമ്മ
ആദ്യം എഴുതിയതും അമ്മ
ആദ്യം ചൊല്ലിയതും അമ്മ
പേടിച്ചു വിളിക്കുന്നതും അമ്മ
രണ്ടക്ഷരത്തിൽ ഒതുങ്ങുമോ
ഈ ***അമ്മ***

ചന്ദന സന്തോഷ് 5–D

## ഉണ്ണിക്കുട്ടന്റെ മാവിൻ തൈ

ഉണ്ണിക്കുട്ടൻ മാവ് വളർത്തി
വെള്ളമൊഴിച്ചു വളമിട്ടു
മാങ്ങാ കാലമടുത്തെത്തി
മാവിൻ ചോട്ടിൽ പാഞ്ഞെത്തി
മാങ്ങകളെല്ലാം എടുത്തോട്ടെ
ഉണ്ണിക്കുട്ടൻ ചോദിച്ചു
അയ്യോമുഴവൻ പറിക്കല്ലെ
എല്ലാവർക്കും എത്തെണ്ടേ
ഉണ്ണിക്കുട്ടൻ അരിശത്തോടെ
മാവിൻ ചില്ലകൾ വെട്ടിമുറിച്ചു
പിറ്റെകൊല്ലം മാങ്ങാകാലം
എല്ലാ വീട്ടിലും മാങ്ങകൾ കായ്ച്ചു
ഉണ്ണിക്കുട്ടൻ തൈയ്യിൽ മാത്രം
മാങ്ങകളെന്നും കായ്ച്ചില്ല

# കരിക്കുലം




കെ.കെ. മണികണ്ഠൻ
അധ്യാപകൻ

ഒറ്റപ്പാളി ജനാലയിലൂടെ
നോട്ടമിട്ടു കാത്തിരിക്കുന്ന
അമ്മയുടെ കണ്ണീരും
ഇളം നെറ്റിയിൽ പൊടിഞ്ഞ വേർപ്പുതുള്ളികളും പരസ്പരം
പറയാതെ പറയുന്നതാണ് ഭാഷ.
മുതുച്ചമടും തലച്ചുമടും
അങ്ങോട്ടുമിങ്ങോട്ടും കുറക്കുമ്പോൾ
ശിഷ്ടമില്ലാതെ കിട്ടിയാൽ
കണക്കും കെങ്കേമമായി.
ഹൃദയതാളവും ശ്വാസോച്ഛ്വാസവും
പരസ്പര പൂരകമായാൽ
കായിക പഠനം കാര്യക്ഷമമായി.
ഊതിയൂതി കനലെരിയിക്കുമ്പോഴാണ്
ശാസത്രത്തിന്റെ ഊർജ്ജവും
കലോറിയും തലയിൽ കയറിയത്.
ചുളിയുന്ന നെറ്റികളും
ചുടുനെടുവീർപ്പുകളും
ഗൗനിക്കാതെ മുന്നേറിയപ്പോഴാണ്
സാമൂഹ്യ ശാസ്ത്രം പ്രാവർത്തികമായത്.
തോരാമഴയിലാണ് ഇന്ധനവിലയുടെ
സാമ്പത്തിക ശാസ്ത്രം ബോധ്യമായത്.
പിള്ളത്തിണ്ടത്ത് നിവർന്നിരിക്കവേ
മുളങ്കാടിന്റെ ചൂളം വിളി



കാതിൽ മന്ത്രിച്ചപ്പോഴാണ്
സർഗ്ഗവേളയിലെ
ആരോഹണാവരോഹണങ്ങൾ
ഹൃദിസ്ഥമായത്.
സ്കൂൾ ബസിന് കടന്നു പോകാൻ
വേലിചാരി നിന്നപ്പോഴാണ്
തനിക്കു മൊരിടം വേണമെന്ന
തോന്നലുണ്ടായത്!



# സംഗീതം

ഗോപകുമാർ . വി.
സംഗീതാദ്ധ്യാപകൻ

അതിപ്രാചീനകാലം മുതൽ തന്നെ ശബ്ദങ്ങളുടേയും ഭാവങ്ങളുടേയും സഹായത്തോടെ ആശയ പ്രകടനം നടത്തുവാൻ മനുഷ്യർ പഠിച്ചിരുന്നു. സ്വന്തം ശരീരത്തിലുള്ള ഹൃദയം ശ്വാസകോശം എന്നീ അവയവങ്ങളുടെ ക്രമം തെറ്റാതെയുള്ള ചലനം അവന്ന് താളബോധത്തിന്നുള്ള ആദ്യ പാഠങ്ങൾ നല്കിയിരിക്കണം. അപോലെ തന്നെ പ്രകൃതിയിൽ നിന്നും അവൻ നിത്യേന കേൾക്കുന്ന ശബ്ദസംഗീതം – അതായത് പക്ഷികളുടെ കളകൂജനങ്ങൾ, കാറ്റിന്റെ മർമ്മരങ്ങൾ, മുളംകാടുകളിൽ കാറ്റ് വീശുമ്പോഴുണ്ടാകുന്ന ചൂളംവിളികൾ, മൃഗങ്ങളുടെ പലരീതിയിലുള്ള ശബ്ദങ്ങൾ, തേനീച്ചകളുടെ ശബ്ദം, ഒഴുകുന്ന വെള്ളത്തിന്റെ കളകളാരവം, ഇവയെല്ലാം അവന്റെ സംഗീത ആസ്വാദനശേഷിയെ ക്രമാനുഗതമായി വളർത്തിക്കൊണ്ടുവന്നു. മസ്തിഷ്കത്തിന്റെ വളർച്ചക്കനുസരിച്ച് മധുരമുള്ള ശബ്ദങ്ങളെ തിരിച്ചറിയുവാനും ആസ്വദിക്കുവാനുമുള്ള ചെവിയുടെ കഴിവ് വളർന്നു വന്നു. ജീവിതോപാധികൾ സമ്പാദിക്കാനുള്ള കൂട്ടായ പ്രവർത്തനങ്ങൾക്കിടയിൽ ആശയവിനിമയത്തിന്റെ ആവശ്യകതയിൽ ഭാഷ ഉദ്ഭവിച്ചതുപോലെ ജീവിത ക്ലേശങ്ങൾക്കിടയിൽനിന്ന് നിർവൃതിയും കൂട്ടായ അദ്ധ്വാനത്തിനുള്ള പ്രചോദനവും നേടേണ്ട ആവശ്യകതയാണ് ഇന്ന് നാം ആസ്വദിക്കുന്ന എല്ലാ കലകളും വളർന്ന് വികാസം പ്രാപിച്ചത്.ഇതിൽ പ്രഥമസ്ഥാനം സംഗീതത്തിനാണ്. അതു കൊണ്ടു തന്നെ മനുഷ്യർ ജീവിതഗന്ധിയായ സംഗീതത്തെ നെഞ്ചേറ്റിയത്.

അസംസ്കൃത വസ്തുവിൽ നിന്നും സംസ്കരിച്ചെടുക്കുന്ന ഓരോ വസ്തുവും പോലെ മനുഷ്യൻ അവൻനേടിയ പ്രായോഗിക അറിവിൽ നിന്നും സംസ്കരിച്ചെടുത്ത കലാരൂപങ്ങളാണ് ഇന്ന്നാം കാണുന്നതും, കേൾക്കുന്നതുമായ എല്ലാ കലകളും. സംഗീതത്തിൽ "സപ്തസ്വരങ്ങൾ" എന്ന അടിസ്ഥാനരൂപം ഉണ്ടായതും അങ്ങിനെയാണ്. കേൾക്കുന്ന ശബ്ദങ്ങളിൽ ഇമ്പമുള്ളതിനെതിരിച്ചറിയുകയും അവയെ സ്വരൂപിച്ച് ഓർമ്മയിൽ സൂക്ഷിക്കുവാൻ സ്വരങ്ങൾക്ക് സ്ഥാനങ്ങങ്ങളും നിർണയിച്ചു.നല്ല ഗീതം അഥവാ "സമ്യക്കാകുന്ന ഗീതം" എന്ന അർത്ഥത്തിലാണ് "സംഗീതം" എന്ന പേര് ഉണ്ടായത്. "ഋഗ്വേദ"കാലഘട്ടത്തിൽ "നി,സ,രി" എന്ന മൂന്ന് സ്വരങ്ങളിലൂടെ നിലനിന്നുപോന്ന സംഗീതം ഗ,ധ എന്ന രണ്ട് സ്വരങ്ങളും ചേർന്ന് ഗ,രി,സ,നി,ധ എന്ന അഞ്ച് സ്വരങ്ങളാവുകയും (ഈ കാലഘട്ടത്തെ സാമഗാന കാലഘട്ടം എന്ന് പറയും) ഈ സ്വരപഞ്ചകം വളർന്ന് മ, പ എന്ന രണ്ട് സ്വരങ്ങളുംകൂടി ചേർന്ന് മ,ഗ,രി,സ,നി,ധ,പ എന്ന് ഏഴ് സ്വരങ്ങൾ ആയി രൂപപ്പെടുകയും ചെയ്തു.ഇതിനെ സ– ആദ്യം ഉച്ചരിച്ച് സ,രി,ഗ,മ,പ,ധ,നി– എന്ന ക്രമത്തിൽ പാടുവാൻ രൂപപ്പെടുത്തി. ലോകത്തെവിടെയുമുള്ള സംഗീതത്തെ ഈ ഏഴ് സ്വരങ്ങളിലൂടെ നമുക്ക് സന്നിവേശിക്കാം.,

ഇന്ത്യയിൽ രണ്ട് തരം സംഗീതം നിലവിലുണ്ട്. ഹിന്ദുസ്ഥാനി സംഗീതവും കർണാടക സംഗീതവും. ഉത്തരേന്ത്യയിൽ പ്രചാരത്തിലുള്ളത് ഹിന്ദുസ്ഥാനി സംഗീതവും, ദക്ഷിണേന്ത്യയിൽ പ്രചാരത്തിലുള്ളത് കർണാടക സംഗീതവുമാണ്.ഈണവും താളവുമാണ് സംഗീതത്തിന് ജീവൻ നല്കുന്നത്.ഇതിനെ സപ്തസ്വരങ്ങളായും, സപ്ത താളങ്ങളായും തരം തിരിച്ചിരിക്കുന്നു. സപ്തസ്വരങ്ങളെ (7 സ്വരങ്ങൾ) പന്ത്രണ്ട് സ്വരസ്ഥാനങ്ങളായും,സപ്തതാളങ്ങളെ (7 താളങ്ങൾ) നൂറ്റിഎഴുപത്തഞ്ച് താളങ്ങളായും (7× 5 × 5 = 175) വിഭജിച്ചിരിക്കുന്നു.രാഗങ്ങളെ മേളകർത്താരാഗങ്ങൾ എന്നും,ജന്യ രാഗങ്ങൾ എന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു.

സംഗീതം ഇത്രയും ശാസ്ത്രീയതയും സങ്കീർതയും നിറഞ്ഞതാണെങ്കിലും ആസ്വാദനത്തേയും പ്രയോഗത്തേയും ഇതൊന്നുംതന്നെ പ്രതികൂലമായി ബാധിക്കുന്നില്ല. മുൻപ് പറഞ്ഞതുപോലെ പണ്ഡിതനും പാമരനും ഒരു പോലെ അതിന്റെ ഉള്ളറിയുന്നു. ഇമ്പമാർന്ന ഈണങ്ങളേയും ആകർഷകമായ താളങ്ങളേയും ആസ്വദിക്കുന്നു.ഭൂമിയിൽ ജീവജാലങ്ങൾ ഉള്ളിടത്തോളംകാലം സംഗീതം എന്ന കല നിലനില്ക്കും.

–:കൂടുതൽ അറിവിലേക്ക്:–

സപ്തസ്വരങ്ങൾ:

സ– ഷഡ്ജം, (സ്തപരങ്ങളിൽ സ, പ
രി –രിഷഭം ഇവ സ്ഥിര സ്വരമായതി
ഗ– ഗാന്ധാരം നാൽ ഇവയെ പ്രകൃതി
മ– മധ്യമം സ്വരങ്ങൾ എന്നും രി,
പ–ഞ്ചമം ഗ,മ,ധ,നി എന്നീ അഞ്ച്
ധ–ധൈവതം സ്വരങ്ങൾക്ക് ഓരോ
നി–നിഷാദം ന്നിനും രണ്ട് രൂപ ങ്ങൾ വീതം നല്കി ഇവയെ വികൃതി സ്വരങ്ങൾ എന്നും വിളിക്കുന്നു.ഇവയെ ദ്വാദശസ്വരങ്ങൾ എന്നും പറയും

ദ്വാദശ സ്വരങ്ങൾ:
1) സ–ഷഡ്ജം
2) രി1– ശുദ്ധാരിഷഭം
3) രി2–ചതുർ ശ്രുതിരിഷഭം
4) ഗ 1–സാധാരണ ഗാന്ധാരം
5) ഗ 2–അന്തരഗാന്ധാരം
6) മ 1–ശുദ്ധാമധ്യമം
7) മ 2– പ്രതിമധ്യമം
8) പ–പഞ്ചമം
9) ധ 1– ശുദ്ധാധൈവതം
10) ധ 2–ചതുർശ്രുതിധൈവതം
11) നി1– കൈശികിനിഷാദം
12) നി2– കാകലിനിഷാദം

# ഗ്രാമീണഗീതം
# (നിന്നെ കാണാൻ–സംസ്കൃതം)



കെ.എം.പ്രേമാനന്ദൻ
അധ്യാപകൻ

ത്വാം ച ദ്രഷ്ടും സുന്ദരാംഗീ
മാമപേക്ഷ്യ കുഞ്ഞിപെണ്ണേ।
താദൃശാപി പരിണേതും ച
നാഗതോ കോപി അദ്ധ്യതനേ।।(ത്വാം)
ആഭരണം നാസ്തി കർണ്ണേ
കണ്ഠേപി മാലാ നാസ്തിയേവ।
കങ്കണാനീ നാസ്തി ഹസ്തേ
പാദയോഃ നൂപുരം നാസ്തികിലാ ।।
(ത്വാംച)
രക്തകേരമിവ വർണ്ണോ നാസ്തി
രക്തോത്പലമിവ ചക്ഷുഃനാസ്തി ।
ജാനോരധഃ കേശോനാസ്തി
കുന്ദകലികായാഃ ദന്താഃ നാസ്തി ।।
(ത്വാംച)

ഹേമതുല്യം അസ്തി മനഃ
വിഗ്രഹോ പല്ലവതുല്യമേവ ।
താദൃശാപി പരിണേതും ച
നാഗതഃ കോപി അദ്ധ്യതനേ ।
(ത്വാംച)
മംഗല്ല്യാർത്ഥമാഗതാനാം
കനകാനിരൂപ്യകഞ്ചാവശ്യകം।
ഗേഹമഹോ ന പൂർണ്ണയേത്
ഗേഹപരിതോപി ന ബോധയൻ । ।
(ത്വാംച)
ഏകോ പുരുഷഃ നൂനമേവ
ആഗത്യ മാം പരിണയിഷ്യതി।
നാഗതോ ചേത് നല്ലപെണ്ണേ
കേവലം ദാത്രേണ ജീവിഷ്യാമി।।
(ത്വാംച)

# ഞങ്ങടെ ടീച്ചർ



ഹരിത കെ എച്ച്

മുകളിൽ ഒരു ആകാശമുണ്ട് ,
അതിരുകളില്ലാതെ ഒരുപാട് രഹസ്യങ്ങൾ മാറിൽ ഒളിപ്പിച്ച ഒഴുകി പരക്കുന്ന വിരിപ്പ്. ... പക്ഷേ മുകളിലേക്ക് അത് നോക്കിയാലേ കാണൂ. എവിടെയൊക്കെയോ കുത്തി ചാരി വച്ചിരുന്ന ഞങ്ങളുടെ മനസ്സുകളെ ആ വിശാലതയിലേക്ക് നോക്കാൻ, അതിനെ വായിക്കാൻ കൈ പിടിച്ചവളാണ് രേഷ്മ ടീച്ചർ
കാരാകുറുശ്ശി സ്കൂളിൻറെ ഗെയ്റ്റ് തുറന്ന്, ഇടത്തോട്ട് തിരിഞ്ഞ് ,ഗോവണി കയറിയാൽ മൂന്നാം നിലയിലെ ഒറ്റക്കുള്ള മുറി അതായിരുന്നു ഞങ്ങളുടെ പതിനൊന്നാം ക്ലാസ് .അന്ന് രാവിലെ ഞങ്ങളുടെ കണ്ണുകളെല്ലാം ആരാച്ചാരുടെ മഴവും കാത്തുകൊണ്ട് മലർന്ന് കിടക്കുകയായിരുന്നു ......കഴുത്തിന് കീഴെയുള്ള ഭാഗങ്ങൾ ഉറങ്ങുകയും ചെയ്തിരുന്നു
"ആരായിരിക്കും ക്ലാസ് ടീച്ചർ “

ആ ചോദ്യങ്ങൾക്ക് ഇടയിലേക്ക് ചുവന്ന ചുരിദാറുമിട്ട് കയറി വന്നു – രേഷ്മ ടീച്ചർ .ഒന്നും ഒന്നും തമ്മിൽ കൂട്ടിയാൽ "ഇമ്മിണി വലിയ ഒന്നാണ് "എന്ന പറയുന്ന ബഷീറിനെ പോലുള്ളവർക്ക് ഒന്നും നിലനിൽപ്പില്ലാത്ത ക്ലാസ് മുറികളിൽ നിന്നും തീർത്തും വ്യത്യസ്തമാണ്, വ്യത്യസ്തയാണ് ടീച്ചറും ഞങ്ങടെ ക്ലാസും. എല്ലാദിവസവും ആദ്യ പിരിയഡ് ടീച്ചറ് വരും ,വിഷയം ഇംഗ്ലീഷ് ആണ് .പാഠപുസ്തകങ്ങൾകപ്പുറം പറന്നിട്ടില്ലാത്ത ചിറകുകൾക്ക് അവരൊരു പുതു ലോകം സൃഷ്ടിച്ച തരും
ടീച്ചർമാർ എല്ലാം "പാൻഡോറയുടെ പെട്ടിയിൽ" നിന്നും ചാടി വന്ന ഭൂതങ്ങളാണ് എന്നൊക്കെ പഴിപറയുന്ന ഞങ്ങൾക്കിടയിലേക്ക് ആണ് ടീച്ചറും ,ടീച്ചറുടെ ആശയങ്ങളും ഇരച്ച് കയറിയത് .ഒഴുക്കിനെതിരെ നീന്തുന്ന പരൽ മീനിനെ ഞങ്ങളെല്ലാം അത്ഭുതത്തോടെ നോക്കി നിന്നിട്ടുണ്ട് . തൻറെ വഴിക്ക് വരാത്തവരെ തല്ലി പഠിപ്പിക്കുന്ന ഒരാൾ ഒന്നുമല്ല അവൾ .നമ്മുടെ വഴികൾ അംഗീകരിക്കും, നമ്മുടെ ചിന്തകൾക്കൊപ്പം കൂട്ടും .വൈവിധ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു കൊച്ചു ജനാധിപത്യ രാജ്യമാണ് ഞങ്ങടെ ക്ലാസ്സ് എന്ന പറഞ്ഞാൽ അതൊരിക്കലും അതിശയോക്തിയാവില്ല ,ടീച്ചർമാർ മാത്രം സംസാരിക്കുന്ന ഏകാധിപത്യ വ്യവസ്ഥ ഞങ്ങളിൽ നിന്നും എത്രയോ അകലെയാണ്. പിരിയഡിലെ 10 മിനിറ്റ് ഞങ്ങൾക്കുള്ളത്. ഓരോ കുട്ടികൾ ,എല്ലാവരോടുമായി സംസാരിക്കുന്നു –തനിക്കുള്ളതിനെപ്പറ്റി .മനസ്സുകളെ പിടിക്കാനുള്ള ഇതിലും വലിയ ചൂണ്ട മറ്റാരിൽ ഉണ്ടാകും.. നമ്മളെ കേൾക്കുന്ന ടീച്ചറെ ടീച്ചറെ തിരിച്ച് കേൾക്കാതിരിക്കാൻ ആർക്ക് കഴിയും. ശാസ്ത്രവും സാഹിത്യവും ഫെമിനിസവും എല്ലാം ടീച്ചറുടെ ചർച്ചയിലൂടെ മുക്കിലും മൂലയിലും എത്തും .ക്ലാസിൽ അവയെല്ലാം പരസ്പര ബന്ധിതമായി ജനലുകൾക്ക് അപ്പുറം അലയടിക്കും .സമൂഹത്തെക്കുറിച്ചുള്ള വീക്ഷണവും വിമർശനവും ഞങ്ങളോട് പങ്കുവയ്ക്കും. ടീച്ചർ രാഷ്ട്രീയം സംസാരിക്കും ,പക്ഷേ തൻറെ കാഴ്ചപ്പാട് മറ്റൊരുവനിൽ അടിച്ചേൽപ്പിക്കുകയില്ല .റഫീഖ് അഹമ്മദ് "തോറ്റകുട്ടി "എന്ന കവിതയാണ് പ്രിയപ്പെട്ടതെന്ന് ഒരിക്കൽ പറഞ്ഞിട്ടുണ്ട് ടീച്ചറുടെ മുന്നിൽ എല്ലാവരും സമന്മാർ അല്ല ,വ്യത്യസ്തരാണ് വ്യത്യസ്തതയാണ് അവരെ അവരക്കുന്നത്..........

# തിളക്കങ്ങൾ



**അമൽ കൃഷ്ണ കെ**
(സംസ്ഥാന പ്രവർത്തിപരിചയ മേള – ചന്ദനത്തിരി നിർമ്മാണം – രണ്ടാം സ്ഥാനം എ ഗ്രേഡ് )



**മെൽബിൻ ജോസ്**
സംസ്ഥാന യുവജനോത്സവം മോണോആക്ട് എ ഗ്രേഡ് മൂന്നാം സ്ഥാനം



**ലിയ മുഹമ്മദ് ഇ കെ** (സംസ്ഥാന പ്രവർത്തി പരിചയ മേള വെജിറ്റബിൾ പ്രിന്റിങ്ങ് – എ ഗ്രേഡ്)



**ഷിബില ബഷീർ**
സംസ്ഥാനതല യുവജനോത്സവം ഉറുദു ഉപന്യാസം രചന



**ആർച്ച എം.ആർ**
(സംസ്ഥാന ശാസ്ത്രമേള ഐ ടി പ്രോജക്ട് എ ഗ്രേഡ്, കഥാരചന (ജില്ല) ഒന്നാം സ്ഥാനം,സംസ്ഥാന തലം എ ഗ്രേഡ്




**സാന്ദ്ര എസ്**
അക്ഷരമുറ്റം ക്വിസ് സംസ്ഥാന തലം



**ഹരിത കെ എച്ച്**
(സംസ്ഥാന കലോൽസവം കഥാരചന–ബി ഗ്രേഡ്)

## കുഞ്ഞൻ ഉറുമ്പുകളുടെ നിറ കാഴ്ചകളിൽ ചിലത്

വര അലീന കെ.എം











Amna A






Ajay ghosh





Anna sera






Rinsina P





Bujaira
Nasrin









Anu Priya








Salu krishna




ARDRA S








വര **Anaswara 10 c**





## കുഞ്ഞുമനസ്സിൽ തോരാത്തകണ്ണീർ

**[ദൃശ്യ.പി.]**

ചിന്നുവിന്റെയും.അങ്ങനെയൊരിക്കൽ അവരുടെ സമാധാനമായ സന്തുഷ്ടമായതും കുടുംബജീവിതം നശിച്ചുപോയി.അത് ഒരു ദിവസം അപ്പുവിന്റെയും ചിന്നുവിന്റെയും സ്കൂൾ വളരെയധികം ദൂരത്തിലാണ്.അങ്ങനെ എന്നും പോകുന്നതുപോലെ അമ്മയുടെയും അച്ഛന്റെയും അനുഗ്രഹവും മുത്തശ്ശിയുടെയും മുത്തശ്ശന്റെയും ആശീർവാദവും കൈവാങ്ങി അവർ സ്കൂളിലേക്ക് പുറപ്പെട്ടു.അങ്ങനെ അവർ സ്കൂളിലേക്ക് എത്തി.അവിടെ അവർ നല്ല സന്തോഷമായിരുന്നു.വൈകുന്നേരമായി സ്കൂൾ വിട്ട് പോകും വഴിയിൽ അവന്റെ കൂട്ടുകാർ അവനെ വിളിച്ച് ഒരു പഴം തരാം എന്ന് പറഞ്ഞ് കാട്ടിലേക്ക് വിളിച്ചുകൊണ്ടുപോയി.പക്ഷെ ആ കൂട്ടുകാർ അവനെ ചതിച്ചു കടന്നുപോയി.അപ്പുവും ചിന്നുവും ആ കാട്ടിൽ നിന്ന് രക്ഷനേടാൻ കഴിഞ്ഞില്ല.മഴയും തണുപ്പും അങ്ങനെ കുറേ കഴിഞ്ഞുപോയി.അവർ എങ്ങനെയൊക്കെ വീട്ടിലേക്ക് നടന്നു.പക്ഷെ വീടിനകം എല്ലാം മഴവെള്ളം കയറി അമ്മയും അച്ഛനും മുത്തശ്ശിയും മുത്തശ്ശനും വിടവാങ്ങികഴിഞ്ഞിരുന്നു.അവർക്ക് അത് സയിച്ചില്ല.അവർ ആ മരണമുറകളിൽ പറഞ്ഞു.ഇനിയും ഈ പ്രളയക്കെടുതി വരല്ലെ.ഞങ്ങൾ ശപിക്കുന്ന ഞങ്ങളുടെ പ്രകൃതിയെ നാശം ഇനി വരരുത്.എന്ന് അവർ മുരു നാട്ടിൽ ഒരു സുന്ദര നാട്ടുണ്ടായിരുന്നു.ആ നാട്ടിലെ ജനങ്ങൾ പ്രകൃതിയോടും കാലാവസ്ഥയോടും സ്നേഹമുള്ള മനുഷ്യർ ആയിരുന്നു.ആ നാട്ടിൽ തന്നെ ഒരുപാട് കൊച്ചുകൊച്ചു വീടുകൾ ഉണ്ടായിരുന്നു.അതിലൊന്നാണ് അപ്പുവിന്റെയും ചിന്നുവിന്റെയും വീട്. ആ വീട്ടിൽ അവരുടെ അമ്മയും അച്ഛനും മുത്തശ്ശനും മുത്തശ്ശിയും ഉണ്ടായിരുന്നു.അവരുടെ വീട്ടിലെ കുടുംബാംഗങ്ങൾ അപ്പുവിനും ചിന്നുവിനും നല്ല സ്നേഹവും വാത്സല്യവും പകർന്നുകൊടുത്തിരുന്നു.അവരുടെ വീട് ഒരു നല്ല സന്തുഷ്ടമായ സ്വർഗ്ഗവും നല്ല കുടുംബജീവിതവുമാണ് അപ്പുവിന്റെയുംന്നോട്ടുള്ള ജീവിതം തുടങ്ങി.ഇപ്പോഴും തോരാത്ത കണ്ണീരോടെ ആ കുഞ്ഞുമനസ്സുകാർ കഴിയുന്നു.

## അമ്മ

വിരിഞ്ഞ പൂക്കളിൽ
ഒളിഞ്ഞരിക്കുന്ന തേൻ പോലെ
വീശുന്ന കാറ്റിന്റെ
മധുരം പകർന്നതമ്മ
ഇളം കാറ്റിന്റെ ഈണത്തിൽ
നന്മപകരുന്നതമ്മ
സ്നേഹദിപം പോൽ
പുഞ്ചിരിവിടർത്തുന്ന അമ്മ
വിശുന്ന കാറ്റിന്റെ
മധുര  സംഗീതം പോലെ
കാറ്റിന്റെ ഈണത്തിൽ പാട്ടുപാടുന്ന അമ്മ
വാത്സല്യമേറും  നേർവഴികാട്ടും
അമ്മ എൻ  അമ്മ

–ഫാത്തിമ ഹസ്ന.സി
8.G

Praseeda

# നിനവ്

അക്ഷര സ്നേഹത്തിൻ
പുഴയായി വഴിയുമീ
അനുഭൂതിയിൽ തൊട്ടു പാടാം
തളിരുകളാം തിരിനാളങ്ങളിൽ
മിന്നും
മഞ്ഞുകണമലിയിക്കാം
വക്കു മിനുത്തുള്ള വാക്കുകൾക്കുൾത്തടം
കുളിരൂറും കനവുകൾ
തീർക്കാം
അകതാരിൽ ഊറിടും വർണ്ണങ്ങളൊക്കെയും
കുളിരോല തുമ്പിനാൽ
വീശാം
സൗഹൃദ സ്വപ്നത്തിൽ
നിറ ഭംഗിയേകിടാൻ
അലിവിന്റെ ചന്ദനം
ചാർത്താം
പാഴ്നിനവകലുവാൻ
പതറാതെ പാടിടാൻ
മനതാരിൽ കോറിടാം
സ്നേഹാദരങ്ങളേൽക്കാം
ഉച്ചവെയിലൂണിലെ തണലിടവേളകൾ
മങ്ങാത്ത ചിത്രങ്ങളാക്കാം.
അതിരേതുമില്ലാത്തൊര –
റിവിന്റെ ലോകത്തിൽ
ആകാശദൂരങ്ങൾ തീർക്കാം..

# പ്രവർത്തന വിവരങ്ങൾ

2018 ലിറ്റിൽ കൈറ്റ്സ് ക്ലബ് കാരാകുറുശ്ശി സ്കൂളിൽ പ്രവർത്തനമാരംഭിക്കുന്നത്. 40 കുട്ടികൾ അടങ്ങുന്ന ബാച്ചാണ് 2018–19 ലേത്. എല്ലാ ആഴ്ച്ചകളിലും ഒരു ദിവസം ക്ലാസ് സമയത്തിന് ശേഷം മലയാളം കമ്പ്യൂട്ടിങ്ങ് , ആനിമേഷൻ, മൊബൈൽ ആപ്പ് നിർമ്മാണം, പ്രോഗ്രാമിങ്ങ് , റോബോട്ടിക്ക്സ്, കമ്പ്യൂട്ടർ ഹാർഡ് വെയർ തുടങ്ങിയ വിഷയങ്ങളിലൂന്നി ക്ലാസുകൾ നടന്നുവരുന്നു. 2018 ജൂലൈ മാസത്തിൽ മാസ്റ്റർ ട്രെയിനർ അബ്ദുൾ ലത്തീഫും , SITC കെ അബ്ദുൾലത്തിഫും ചേർന്ന് പ്രാഥമിക ക്ലാസ് നടത്തി. തുടർന്നുള്ള ക്ലാസുകൾ ജുമൈല കെ.ടി (കൈറ്റ് മിസ് ട്രസ്) , പ്രവീൺ കെ.സി (കൈറ്റ് മാസ്റ്റർ) നടത്തി വരുന്നു. ഓണാവധിക്കാലത്ത് ശബരി Hss ൽ നടന്ന ദ്വിദിന ക്യാമ്പിൽ 4 കൈറ്റ് അംഗങ്ങൾ പങ്കെടുത്തു.മലയാളം കമ്പ്യൂട്ടിങ്ങ് , ആനിമേഷൻ, തുടങ്ങിയവയിൽ പരിശീലനം നേടി.ക്രിസ്തുമസ് അവധിക്കാലത്ത് 4 അംഗങ്ങൾ സ്കൂൾ വാർത്തകൾ തയ്യാറാക്കുന്നതിനുള്ള പരിശീലനത്തിൽ പങ്കെടുത്തു.






## എസ്.പി.സി യൂണിറ്റ്

എസ്.പി.സി യൂണിറ്റിൽ നിലവിൽ 88 അംഗങ്ങൾ ഉണ്ട്. ഡ്രിൽ ,പരേഡ് എന്നിവ നടന്നു വരുന്നു.എസ് പി സി ക്യാമ്പ്; 22/12 /12 – 24/12/12 വരെ നടന്നു ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീജ ഉദ്ഘാടനം നിർവഹിച്ചു .പി .ടി .എ പ്രസിഡന്റ് കെ.കെ. രാജേന്ദ്രൻ അധ്യക്ഷനായിരുന്നു. ഹെഡ്മാസ്റ്റർ മണികണ്ഠ ൻ കെ , സി വിൽ പോലീസ് ഉദ്യോഗസ്ഥർ, SPC കേഡറ്റം ഗ ങ്ങൾ എന്നിവർ സംസാരിച്ചു. ചെറുപ്പളശ്ശേരിസബ് ഇൻസ്പെക്ടർ ശ്രീ ബാബുരാജ് വ്യക്തിത്വ വികസന ക്ലാസ്സ് നയിച്ചു കൂടാതെ എക്സൈസ് പ്രിവന്റീവ് ഓഫീസർ സൽമാൻ റസൂർ, കരിമ്പ പഞ്ചായത്ത് പ്രസിഡന്റ് ജയശ്രീ സി.കെ, ഡോ അസ്മാബി അദ്ധ്യാപകരായ ഗോപകുമാർ വി. , സിജോ തുടങ്ങിയവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നേതൃത്ത്വം നൽകി. അശരണരെയും, വൃദ്ധ ജനങ്ങളെയും പരിപാലിക്കുന്ന സ്ഥാപനമായ ആകാശ പറവ , ജൈവ കർഷകനായ അരവിന്ദേട്ടന്റെ തോട്ടം എന്നിവ സന്ദർശിച്ചു. എയിംസ് കലാവേദി ക്യാമ്പിൽ നാടൻ പാട്ട് അവതരിപ്പിച്ചു.



## ജൂനിയർ റെഡ് ക്രോസ് യൂണിറ്റ്

2018 –19 അധ്യായന വർഷത്തിൽ പത്താംക്ലാസിൽ 20 കുട്ടികൾ ജെ ആർ സി ജെ ആർ സി യിൽ അംഗങ്ങളായിരുന്നു .2018 –19 വർഷത്തിൽ 21 കുട്ടികൾ C level പരീക്ഷക്ക് അർഹരായി .ഈവർഷം A,B,C ലെവലുകളിൽ ആയി 61 കുട്ടികൾ ഉണ്ട് വളരെ മികച്ച പ്രവർത്തനമാണ് കേഡറ്റുകൾ കാഴ്ചവച്ചത് .എല്ലാം ബുധനാഴ്ചകളിലും പെയിൻറ് പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് നല്ല തുക സംഭാവനയായി സ്വീകരിക്കാറുണ്ട് ശേഖരിക്കാറുണ്ട് .പരിസര മലിനീകരണത്തിനെതിരെ അവർ കൈകോർത്ത് പ്രവർത്തിച്ച കൊണ്ടിരിക്കുന്നു .ജീവകാരുണ്യ പ്രവർത്തനങ്ങൾ ,എ,ബിസി level പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവെച്ചിരുന്നു .2017 18 അദ്ധ്യായന വർഷത്തിൽ എസ്എസ്എൽസി വിജയശതമാനത്തിൽ ഏറെ മുൻപന്തിയിലായിരുന്നു .മുൻപന്തിയിലായിരുന്നു ജെ ആർ സി കേഡറ്റുകൾ

## പ്രവൃത്തി പരിചയ മേള

പ്രവൃത്തി പരിചയ മേളയിൽ സംസ്ഥാന തലത്തിൽ പോലും നേട്ടങ്ങൾ ഉണ്ടാക്കിയ വർഷ മായിരുന്നു ഇത്.
സ്കൂളിൽ നിന്നും 12 പേർ സബ്ജില്ലാ തലത്തിൽ മത്സരിക്കുകയും അഞ്ചുപേർ ജില്ലാതലത്തിൽ മത്സരിക്കാനുള്ള യോഗ്യത നേടുകയും ചെയ്തു.
ഇവരിൽ ലിയാ മുഹമ്മദ് ,അമൽ കൃഷ്ണ എന്നിവർ സംസ്ഥാനതലത്തിൽ മത്സരിക്കാനുള്ള യോഗ്യത നേടി കൂടാതെ അക്ഷയ് 10B ഇലക്ട്രോണിക്സ് വിഭാഗത്തിൽ ജില്ലാതലത്തിൽ എ ഗ്രേഡ് നേടി.
സംസ്ഥാനതലത്തിൽ ചന്ദനത്തിരി നിർമ്മാണത്തിൽ അമൽ കൃഷ്ണ 9c എ ഗ്രേഡും രണ്ടാം സ്ഥാനവും നേടി .ലിയാ മുഹമ്മദ് വെജിറ്റബിൾ പ്രിൻറിംഗ് വിഭാഗത്തിൽ എ ഗ്രേഡും നേടി.

## അടൽ ടിങ്കറിംഗ് ലാബ്

സ്ക്കൂളുകളിൽ നിന്ന് കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെൻറ് നീതി ആയോഗിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള അടൽ ടി ങ്കറിംഗ് ലാബ് GHS കാരാ കുർശ്ശിയിൽ 2017–2018 അധ്യയന വർഷത്തിൽ പ്രവർത്തനം ആരംഭിച്ചു. സീനിയർ – ജൂനിയർ ലെവലുകളിലായി 30 കുട്ടികൾ ATL – ൽ അംഗങ്ങളായിട്ടുണ്ട്. മാസത്തിലുള്ള രണ്ടിലധികം STEM അടിസ്ഥാനമാക്കിയുള്ള ക്ലാസുകളിലൂടെ ഇവരെല്ലാം റോബോട്ടിക്സിൽ മികച്ച നിലവാരം പുലർത്തുന്നു 2018–2019 അധ്യയന വർഷത്തിൽ നടന്ന സബ് ജില്ലാ ശാസ്ത്രമേളയിൽ വർക്കിംഗ് മോഡൽ വിഭാഗത്തിൽ മത്സരിച്ച ATL – ലെ അംഗങ്ങളായ Muhammed Yasir, Mithil എന്നീ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി ജില്ലാതലത്തിൽ മത്സരിച്ച് A– grade നേടി.ഈ അധ്യയന വർഷത്തിൽ തന്നെ തിരൂർക്കാട് അസ്ഹർ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ വെച്ച് നടന്ന RPL – zonal level മത്സരത്തിൽ കാരാ കുർശ്ശി സ്ക്കൂളിന് overall champion ship നേടാനായി.ഇതിലൂടെ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് വിദ്യാർത്ഥികൾക്ക് Madras IIT –ൽ January 6th – ന് നടന്ന National level RPL – ൽ പങ്കെടുത്ത് മികവ് കാണിക്കാനായി അയൽപ്പക്ക സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് ഇടയ്ക്ക് നടത്തുന്ന കമ്മ്യൂണിറ്റി ഡേ – കളിലൂടെയും ATL – മുന്നിട്ട് നിൽക്കുന്നു.





## National Service Scheme

ജി.എച്ച്.എസ്സ്.എസ്സ് കാരാകുറിശ്ശി NSS യൂണിറ്റിന്റെ 2018–19 വർഷത്തെ സപ്തദിന ക്യാമ്പ് "ഹരിതം " 2018 Dec 22 മുതൽ 28 വരെ ജി എൽ പി എസ്സ് എലമ്പുലാശ്ശേരിയിൽ വച്ച് നടന്നു .ശ്രീ നാരായണൻ മാസ്റ്റർ ( ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് വിദ്യാഭാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ) ഉദ്ഘാടനം ചെയ്തു.ശ്രീ രാമചന്ദ്രൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു.ഹരിതം, സുഭിക്ഷം, സമദർശൻ, അക്ഷരദീപം തുടങ്ങിയ കാലിക പ്രസക്തങ്ങളായ നിരവധി വിഷയങ്ങൾ ക്യാമ്പിന്റെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കി. പ്രോജക്റ്റ് വർക്കുകളുടെ ഭാഗമായി എലമ്പുലാശ്ശേരി ITI റോഡ് നവീകരണം, അടുക്കള തോട്ട നിർമ്മാണം, പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ, അക്ഷരദീപം പ്രോജക്ടിന്റെ ഭാഗമായി തുറന്ന വായനശാലക്കുള്ള പുസ്തകങ്ങൾ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു.ലിംഗസമത്വത്തെ കുറിച്ചുള്ള ക്ലാസ്സുകൾ, വ്യക്തിത്വ വികസന ക്ലാസ്സുകൾ, നാടകകളരി, നാടൻപാട്ടുകൾ, തട്ടുകട തുടങ്ങിയ പരിപാടികൾ ക്യാമ്പിന്റെ ഭാഗമായി നടപ്പിലാക്കി.

## വിദ്യാരംഗം സാഹിത്യ വേദി 2018-19:

കുട്ടികളുടെ ഭാഷാ വികസന സാധ്യതകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന വിദ്യാരംഗം സാഹിത്യ പ്രവർത്തനങ്ങൾക്ക് ജൂൺ മാസത്തിൽ തന്നെ തുടക്കം കുറിച്ചു. ഭാഷാ ശേഷി വിലയിരുത്തുന്നതിനുള്ള പ്രീ ടെസ്റ്റ് നടത്തി ഭാഷാഭിരുചിയിൽ മുന്നിൽ നിൽക്കുന്നവരെ തുടക്കത്തിൽ കണ്ടെത്തി. ക്ലാസ് തല വിദ്യാരംഗം ക്ലബ്ബുകൾ അധ്യാപകർ തന്നെ ഉദ്ഘാടനം ചെയ്തു. രസകരങ്ങളായ സാഹിത്യസല്ലാപങ്ങളും വൈവിധ്യങ്ങളാർന്ന വായനാ ന ഭവങ്ങളും ഈ വേളയിൽ അധ്യാപകർ പങ്കുവച്ചു.ജൂൺ 19 മുതൽ വായനാ പക്ഷാചരണത്തോടനുബന്ധിച്ച് സ്കൂളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കുട്ടികളിലെ കഴിവുകൾ വളർത്തി മികവുകൾ വർദ്ധിപ്പിക്കാൻ വേണ്ടി വായനാ മത്സരം, പതിപ്പ് തയ്യാറാക്കൽ, പുസ്തക പ്രദർശനം എന്നിവ നടത്തി വായനാ പ്രാധാന്യത്തെ കുറിച്ച് തദ്ദേശ സാമൂഹിക സാംസ്കാരിക പ്രവർത്തകനും ലേഖകനുമായ ശ്രീ.ജയദേവൻ സാറിന്റെ ക്ലാസ് ഉണ്ടായി ലോകകപ്പ് ഫുട്ബോൾ മത്സര കാലമായതിനാൽ അതുമായി ബന്ധപ്പെട്ട് വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ താരങ്ങളുടെ ജീവിത ബന്ധിയായ മോട്ടിവേഷൻ വീഡിയോസ് പ്രദർശനവും ഫുട്ബോൾ ക്വിസും നടത്തി. വായനാ പക്ഷാചരണ സമാപനവും ബഷീർ ദിനവും ശ്രീ.എം.ജെ.ശ്രീചിത്രൻ സാറിന്റെ സാഹിത്യ ക്ലാസോടെ അരങ്ങേറി. സ്കൂൾ, സബ് ജില്ലാതല മത്സരങ്ങളിൽ നിരവധി പേർ മികച്ച പ്രകടനം കാഴ്ചവച്ചു.ആർച്ച .എം.ആർ കഥാരചനാ ഇനത്തിലും അമൃത കെ.എം ആസ്വാദന കുറിപ്പ് തയ്യാറാക്കൽ ഇനത്തിലും ലിയ മുഹമ്മദ്, ആർദ്ര അച്യുതൻ എന്നിവർ കവിതാ രചനയിലും മികച്ച നിലവാരം കരസ്ഥമാക്കി.ആർച്ച .എം.ആർ കഥാരചനാ മത്സരത്തിൽ സംസ്ഥാന തലത്തിലേക്ക് അർഹത നേടി എഴുത്തുകാരുടെയും കലാ സാഹിത്യ പ്രതിഭകളുടെയും ദിനാചരണങ്ങൾ, അനുസ്മരണങ്ങൾ എന്നിവ ഓരോ ദിനവുമായി ബന്ധപ്പെട്ട് ഉചിതമായി നടത്തി വരുന്നതിലൂടെയും സ്കൂൾ സാഹിത്യ പ്രതിഭകളെ കണ്ടെത്തുന്നതിലൂടെയും അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും കാരാകുറിശ്ശി ഗവ.ഹൈസ്കൂളിലെ വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനങ്ങൾ സജീവമാണെന്നു തന്നെ പറയട്ടെ...

## ശതപർവക-സംസ്കൃതസഭ

തികച്ചും വ്യത്യസ്തമായാണ് ഓരോ അദ്ധ്യയനവർഷവും 'ശതപർവക' സംസ്കൃതസഭയുടെ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിൽ സംഘടിപ്പിക്കാറുള്ളത്. സംസ്കൃതം പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളും ക്ളബ്ബിലെ അംഗങ്ങളാണ്.

<u>ക്ളബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുള്ള പ്രവർത്തനങ്ങൾ</u>

- ക്ളബ്ബ് രൂപീകരണം * ഉദ്ഘാടനം * സംസ്കൃതദിനാഘോഷം
- രാമായണപാരായണമത്സരം *സംസ്കൃതോത്സവപരിശീലനം
- സംസ്കൃതംസ്കോളർഷിപ്പ് പരീക്ഷക്കുള്ളപരിശീലനം,
- സംസ്കൃതഭാഷയിൽ പിന്നോക്കംനിൽക്കുന്ന കുട്ടികൾക്ക്

## പ്രത്യേകക്ളാസ്സുകൾ

2018–19 അധ്യയനവർഷത്തെ മികവുകൾ

* സംസ്കൃതദിനാഘോഷവും ക്ളബ്ബ് ഉദ്ഘാടനവും; 'സാമഞ്ജസ്യം 2028–19' എന്നപേരിൽ തികച്ചും പുതുമയോടുകൂടിയാണ് സംഘടിപ്പിച്ചത്.
– വിദ്യാർത്ഥികളും അധ്യാപകരും ബാഡ്ജ് ധരിച്ചു.
– സംസ്കൃതംസ്കോളർഷിപ്പുനേടിയവിദ്യാർത്ഥികളും അധ്യാപകരുംകൂടി അക്ഷരദീപം ജ്വലിപ്പിച്ച് ഉദ്ഘാടനംചെയ്തു.
– രാമായണപാരായണമത്സരവിജയികൾക്കും സ്കോളർഷിപ്പ് വിജയികൾക്കും പുരസ്കാരങ്ങൾ വിതരണം ചെയ്തു.
– ഡെ.എച്ച്.എം.ഉഷ ടീച്ചർ,സീനിയർ അധ്യാപകരായ ഹരിദാസൻമാസ്റ്റർ,ഖാലിദ്മാസ്റ്റർ,കൃഷ്ണദാസൻമാസ്റ്റർ, കെ.കെ.മണികണ്ഠൻ,കെ.ലത തുടങ്ങിയവർ സംബന്ധിച്ചു.വിദ്യാർത്ഥികളുടെ കലാപരിപാടികൾഅരങ്ങേറി.
നന്ദനസന്തോഷ്സ്വാഗതവുംആർദ്രസുരേഷ്നന്ദിയുംരേഖപ്പെടുത്തി

* സംസ്കൃതോത്സവം
സബ്ജില്ലയിൽനാടകമത്സരത്തിൽഒന്നാംസ്ഥാനവുംമികച്ചനടിക്കു–ള്ള അവാർഡും നേടി
* ചമ്പുപ്രഭാഷണം ഒന്നാംസ്ഥാനം(ആർദ്രസുരേഷ്)
* പ്രശ്നോത്തരി, ഗാനാലാപനം,സമസ്യപൂരണം,സംഘഗാനം,............ രണ്ടാംസ്ഥാനവുംനേടി.

* ജില്ലസംസ്കൃതോത്സവം

*എച്ച്.എസ്.നാടകം നാലാംസ്ഥാനവും എഗ്രേഡും.
* മികച്ചനടി
* ചമ്പുപ്രഭാഷണം എഗ്രേഡ്നാലാംസ്ഥാനം

* സ്കോളർഷിപ്പ് * വിദ്യാഭ്യാസവകുപ്പ് നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ യു.പി, എച്ച്.എസ് വിഭാഗങ്ങളിൽപന്ത്രണ്ടുപേരിൽ പത്ത് പേരുംഅർഹരായി.

*കാലടി സംസ്കൃതസർവ്വകലാശാല
സ്കോളർഷിപ്പ്

* വിദ്യാഭ്യാസജില്ലാ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ്പരീക്ഷയിൽ കൂടുതൽമാർക്ക് നേടിയവിദ്യാർത്ഥികൾക്ക്.
* നമ്മുടെ വിദ്യാലയത്തിൽ നാല് പേർക്ക് ലഭിച്ചു.

* മണ്ണ്–സംസ്കൃതനാടകത്തിൽ പങ്കെടുത്തവർ
*അഭിഷ.കെ.എസ് *ഗോപിക.കെ.ജി *അശ്വന.എം *ദയ.പി.കെ *വിസ്മയ.ഒ.എസ് *അക്ഷയ്.ജെ.പി *ഡൊമി–നിക് സാവിയോ ബിനോയ് *സാന്ദ്ര.പി *സൂര്യമോൾ *ശ്രീജിത്ത്.സി.കെ







സ്കൗട്ട് ട്രൂപ്പിൽ 32 സ്കൗട്ടുകൾ ഉണ്ട്. 12 പേർ രാജ്യപുരസ്കാർ നേടി. 8 പേർ തൃതീയ സോപാൻ പാസായി. 12 പേർ ദ്വിതീയ സോപാൻ പാസായി.7 ഗൈഡുകൾ രാജ്യ പുരസ്കാർ പാസായി

**ഗണിതശാസ്ത്രക്ലബ് –**
ഗണിത തൽപരരായ കുട്ടികളുടെ കൂട്ടായ്മയായി പ്രവർത്തിക്കുന്നു.
സ്കൂൾതല സബ്ജില്ലാതല ജില്ലാതല മേളകളിൽ കുട്ടികളെ സജീവമായി പങ്കെടുപ്പിക്കാനും മികച്ച വിജയം കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട് ജില്ലാതല മത്സരത്തിൽ ആലിയ സഫ വാന ,മിസ്രിയ പി എന്നിവർ ഗ്രൂപ്പ് പ്രോജക്ടില്ല, വിഗ്നേഷ് എ വർക്കിംഗ് മോഡലിലും, അജീന – അദർ ചാർട്ട് വിഭാഗത്തിലും എ ഗ്രേഡ് കരസ്ഥമാക്കി സബ്ജില്ലാതല ഗണിതശാസ്ത്രമേളയിൽ ഹൈസ്കൂൾവിഭാഗത്തിൽ ഓവറാൾ മൂന്നാം സ്ഥാനം കരസ്ഥമാക്കി സബ്ജില്ലാതല ഗണിതശാസ്ത്ര മത്സരത്തിൽ ഹൈസക്കൂളിൽ നിന്നും അക്ഷയ് ജ്യോതി പ്രകാശ് പങ്കെടുത്തു. S.S.L.C വിദ്യാർത്ഥികൾക്കായി രണ്ടുദിവസം ഗണിതശാസ്ത്ര ക്യാമ്പ് നടത്തി. ഒരുദിവസം സ്ക്കൂളിലെ മുൻ അധ്യാപകനും, റിട്ട. ഡി.ഇ.ഒ യുമായ വേണു പുഞ്ചപ്പാടം ക്ലാസെടുത്തു







ക്ലാസ് റൂം ചലഞ്ച്

1–7 വരെ യുള്ള ക്ലാസ് റൂം നവീകരണത്തി ന പൊതു ജനങ്ങളിൽ നിന്നുമുള്ള സാമ്പത്തിക സഹായം സ്വരൂപിക്കൽ





കഥകളി ശിൽപ്പശാല



സദ്യ





പുരാവസ്തു പ്രദർശനം



സ്ക്കൂൾ കായികമേള
ഉദ്ഘാടനം
ഒളിമ്പ്യൻ കുഞ്ഞുമുഹമ്മദ്